X. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ് മെന്റ്) അമെന്റിംഗ് ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ് മെന്റ്) അമെന്റിംഗ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

(..... ബഹളം .....)

ശ്രീ. എ. സി. ഷണ്മുഖദാസ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രമേയം അവതരിപ്പിച്ചപ്പോൾ സീറ്റിലുള്ളവർ മാത്രമേ സഭയിൽ അംഗമായി കാണുകയുള്ളൂ. അങ്ങ് പിൻതാങ്ങണമെന്ന് പറഞ്ഞപ്പോൾ മന്ത്രിമാരുടെ സീറ്റിൽ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഓടിവന്നാൽ അത് വോട്ടായി പരിഗണിക്കാമോ? നാളെ ഞങ്ങൾക്കും അത് ബാധകമാണോ? ഒരു ഓർഡർ വേണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, ഞാൻ ഈ സഭയിൽ ആദ്യാവസാനം ഉണ്ടായിരുന്നതാണ്. ടോയ്ലറ്റിൽ പോയതാണ്. ശ്രീ. ഷൺമുഖദാസിന്റെ അടുത്തുതന്നെ കുറേനേരം ഉണ്ടായിരുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ സഭയിൽ ഇക്കാര്യം നിരവധി തവണ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഈ സമ്മേളനം എന്നുപറയുന്നത് നിയമനിർമ്മാണത്തിനുവേണ്ടി മാത്രമുള്ള സമ്മേളനമാണ്. ഭരണകക്ഷിക്കാണ് അതിന്റെ ഉത്തരവാദിത്വം. ഒരു മന്ത്രി ഒരു ബിൽ പൈലറ്റ് ചെയ്യുമ്പോൾ പിൻതാങ്ങാൻ ക്യാബിനറ്റിൽ നിന്ന് ഒരാൾപോലും സഭയിൽ ഇല്ലാതിരിക്കുന്നു എന്നുള്ളത് നിസ്സാരമല്ല. ഒരു തവണയാണെങ്കിൽ നമുക്കത് മനസ്സിലാക്കാം. എത്ര നിസ്സാരമായിട്ടാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഞാൻ ഒന്ന് ചായ കുടിക്കാൻ പോയതാണ് എന്ന് പറഞ്ഞാൽ തീരുമോ? നിങ്ങൾ ബാക്കിയുള്ള 18 ആളുകൾ എവിടെപ്പോയി? ഇല്ലെങ്കിൽ കൊണ്ടുവരണം എന്ന് നിങ്ങൾക്കറിയാമല്ലോ. നിങ്ങൾ കാണിക്കുന്നത് ഈ സഭയോടുള്ള അനാദരവാണ്. ഈ സഭ നിയമനിർമ്മാണത്തിന് വേണ്ടിയുള്ളതാണ് എന്നത് ഈ നാട്ടിലെ മുഴുവൻ ആളുകൾക്കും അറിയില്ലേ? ഇത് ആവർത്തിക്കുന്നു. ഇത് ഈ സഭയിൽ നാലാം തവണയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുപോലുള്ള സാങ്കേതികത്വം ഇനി വേണ്ട, പ്ലീസ് കൺക്ലൂഡ്. പ്ലീസ് മിനിസ്റ്റർ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ടി. എം. സഹീർ):* സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന വേളയിൽത്തന്നെ വിശദമായി കാര്യങ്ങൾ പറഞ്ഞിരുന്നു. ഇതിൽ അത്രയും വിശദമായി പറയാൻ കാര്യമില്ല. അന്ന് പറഞ്ഞതു പോലെ തന്നെ കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റുകളേയും സെനറ്റുകളേയും പിരിച്ചുവിടുകയായിരുന്നു അത് വളരെക്കാലം കഴിഞ്ഞതിനുശേഷമാണ് ചെയ്തിട്ടുള്ളത്. അന്ന് പിരിച്ചുവിടുന്ന സമയത്ത് പറഞ്ഞിരുന്ന സമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള ഇടക്കാല സംവിധാനം എന്ന നിലയിൽ ആറ് മാസമായിരുന്നു അതിന് കാലാവധി കൊടുത്തിരുന്നത്. പക്ഷേ, ആ തീരുമാനം എടുത്ത ഉടനെതന്നെ വളരെ സ്പീഡിൽ കാര്യങ്ങൾ നീക്കി. അതിന്റെ അടിസ്ഥാനത്തിൽ ..... കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ സ്ഥിതി വിശദമായി ഞാൻ പറയുന്നില്ല. അവിടെ കോളേജ് പ്രിൻസിപ്പൽമാരുടെ ഏഴ് പ്രതിനിധികൾ വേണം, അത് പൂർത്തിയായിക്കഴിഞ്ഞു. അധ്യാപകരുടേയും പ്രതിനിധികളുടേയും ഇലക്ഷൻ കഴിഞ്ഞു. മൂന്ന് പ്രതിനിധികളാണ് വേണ്ടത്. ഗവൺമെന്റ് കോളേജ് അധ്യാപക പ്രതിനിധികൾ മൂന്ന് പേരാണ് വേണ്ടത്. അതും കഴിഞ്ഞു. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രതിനിധികൾ അഞ്ച് പേർ; ആ ഇലക്ഷനും കഴിഞ്ഞു. എം.എൽ.എ. മാരുടെ പ്രതിനിധികൾ 6 പേർ; അതും കഴിഞ്ഞു. ട്രേഡ് യൂണിയൻ പ്രതിനിധികൾ രണ്ടുപേർ; യൂണിവേഴ്സിറ്റി അധ്യാപകരുടെ പ്രതിനിധി ഒരാൾ. അഫിലിയേറ്റഡ് കോളേജിലെ അധ്യാപകരുടെ പ്രതിനിധി മൂന്ന് പേർ, കോളേജ് മാനേജർമാരുടെ പ്രതിനിധി നാല് പേർ, വിദ്യാർത്ഥി പ്രതിനിധി 10 പേർ എന്നിങ്ങനെ മിക്ക മണ്ഡലങ്ങളിലും തെരഞ്ഞെടുപ്പ് പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളെ സംബന്ധിച്ച ഒരു പ്രശ്നമാണുണ്ടായിരുന്നത്. ആ പ്രശ്നവും ഡിസ്പോസ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ബാക്കി തെരഞ്ഞെടുപ്പുമായി മുന്നോട്ടു പോകുകയാണ്. ഇപ്പോഴത്തെ ഞങ്ങളുടെ കണക്കുപ്രകാരം ആഗസ്റ്റ് അവസാനത്തിലോ സെപ്റ്റംബർ ആദ്യത്തിലോ സെനറ്റും സിൻഡിക്കേറ്റും നിലവിൽ വരാൻ കഴിയുന്ന വിധത്തിലാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഒരു പ്രശ്നവുമില്ല. തെരഞ്ഞെടുക്കപ്പെട്ട ആധികാരിക സഭകൾ തന്നെ വരണമെന്ന ആഗ്രഹം വച്ചുകൊണ്ട് വളരെ താൽപര്യപൂർവ്വമാണ് ഗവൺമെന്റ് നീങ്ങിയത്. അതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ഈ സമയത്തിനുള്ളിൽത്തന്നെ ഔദ്യോഗികമായി ഈ രണ്ട് ബോഡികളും നിലവിൽ വരും. കേരളാ യൂണിവേഴ്സിറ്റിയിലും അതിന്റേതായിട്ടുള്ള നടപടികൾ വളരെയധികം പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒക്ടോബർ മാസത്തോടുകൂടി തെരഞ്ഞെടുപ്പ് പൂർത്തിയാക്കി പുതിയ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കുന്നത്. വേഗത്തിൽത്തന്നെ ആധികാരികമായി അത് നിലവിൽ വരും, പക്ഷേ, അതിനുമുമ്പ് പെട്ടെന്ന് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി കഴിഞ്ഞ്, നിയമപ്രകാരം പറഞ്ഞിരിക്കുന്ന ആറ് മാസം കാലാവധി കഴിയുമ്പോൾ ഇങ്ങനെ ഒരു നിയമനിർമ്മാണം വരാതിരിക്കുകയാണെങ്കിൽ അതിനിടയിൽ ഒരു തെരഞ്ഞെടുപ്പ് പ്രതിസന്ധി വന്നേക്കുമോ എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം വേണ്ടിവന്നിട്ടുള്ളത്. ഗവൺമെന്റ് വളരെ താൽപര്യപൂർവ്വം തന്നെ യൂണിവേഴ്സിറ്റികളുടെ തെരഞ്ഞെടുക്കപ്പെട്ട സഭകളെ അധികാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ആവശ്യമായ കാര്യങ്ങൾ മുഴുവൻ ചെയ്യുന്നതാണ് എന്നുമാത്രമാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു 2005-ലെ യൂണിവേഴ്സിറ്റ് ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബില്ലിന് ഞങ്ങൾ നൽകിയിട്ടുള്ള വിയോജനക്കുറിപ്പിൽ ചില പ്രശ്നങ്ങൾ മുന്നോട്ടു വച്ചിരുന്നു. കോഴിക്കോട് സർവ്വകലാശാലയിലും കേരള സർവ്വകലാശാലയിലും നിലവിലുണ്ടായിരുന്ന സിൻഡിക്കേറ്റ് പിരിച്ചുവിട്ടിട്ട് നോമിനേറ്റഡ് സിൻഡിക്കേറ്റ് നിലവിൽ വന്നത് കഴിഞ്ഞ ജനുവരി മാസം 12-ാം തീയതിയാണ്. ആ നോമിനേറ്റഡ് സിൻഡിക്കേറ്റ് നിലവിൽ വന്നിട്ട് കഴിഞ്ഞ ജൂൺ മാസം 12-ാം തീയതി ആറു മാസം പൂർത്തിയായി. ഇപ്പോൾ ഒരു ഓർഡിനൻസിലൂടെ നോമിനേറ്റഡ് സെനറ്റുകളുടേയും സിൻഡിക്കേറ്റുകളുടേയും കാലാവധി നീട്ടിയിരിക്കുകയാണ്. ഈ തെരഞ്ഞെടുപ്പ് പ്രക്രിയ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരു കോൺസ്റ്റിറ്റ്യുവൻസിയിൽ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. പ്രൈവറ്റ് കോളേജ് അധ്യാപകരുടെ വോട്ടവകാശത്തെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് ഉണ്ടായിരുന്നു, അൺഎയ്ഡഡ് കോളേജിലെ അദ്ധ്യാപകർക്ക് വോട്ടവകാശം വേണമെന്നുള്ള ഒരു ഡിമാന്റ് ഉയർന്നുവന്നു. അതുസംബന്ധിച്ച് കേരള ഹൈക്കോടതി പരിശോധിക്കുകയും സർവ്വകലാശാല അംഗീകാരം കൊടുത്തിട്ടുള്ള അധ്യാപകർക്ക് മാത്രമേ വോട്ടവകാശം നൽകേണ്ടതുള്ളൂ എന്ന് തീർപ്പ് കൽപ്പിക്കുകയും ചെയ്തു. ആ വിധി 2000-ത്തിനു മുമ്പ് വന്നുകഴിഞ്ഞു. അപ്പോൾ യഥാർത്ഥത്തിൽ ഈ സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടിക്കൊടുക്കേണ്ട ആവശ്യമില്ല. ഗവൺമെന്റിന് കഴിഞ്ഞ മൺഡലങ്ങളിലെ വിജയം വച്ചുതന്നെ വേണമെങ്കിൽ സെനറ്റ് റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാം. അതിന്റെ ഭാഗമായി സിൻഡിക്കേറ്റിന്റെ തെരഞ്ഞെടുപ്പ് നടത്താം. അത്തരം ഒരു നീക്കം നടത്താതെ ഇനിയും ആറ് മാസക്കാലത്തേക്ക് നോമിനേറ്റഡ് സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി നീട്ടിക്കൊടുക്കുന്നത് ശരിയായ നടപടിയല്ല. തെരഞ്ഞെടുക്കപ്പെടുന്ന തീയതിവരെ കാലാവധി നീട്ടികൊടുക്കുന്നു എന്ന് ഇതിനകത്ത് പറഞ്ഞിട്ടില്ല. അതിന് അമെന്റ്മെന്റും കൊണ്ടുവന്നിട്ടില്ല. ഇത് 12 മാസത്തേക്ക് നീട്ടുകയാണ്. ജനുവരി 12 മുതൽ 2006 ജനുവരി 12 വരെ നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടുന്ന രൂപത്തിലാണ്

LIBRARY ARCHIVES Kerala Legislative Assembly

മാറ്റംവന്നിരിക്കുന്നത് അങ്ങനെ നിടേണ്ട ആവശ്യമെന്താണ്? ഇപ്പോൾത്തന്നെ വേണമെങ്കിൽ നോട്ടിഫൈ ചെയ്ത് തെരഞ്ഞെടുപ്പ് നടത്തിയാൽ മതിയല്ലോ, കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച് ഇവിടെയും അതുതന്നെ ബാധകമാണ്. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായിട്ടും റീ-കോൺസ്റ്റിറ്റ്യൂട്ട്ചെയ്ത് ജനാധിപത്യ പരമായിട്ടുള്ള സംവിധാനത്തെ ഏൽപ്പിച്ചു കൊടുക്കുന്നതിന് ഗവൺമെന്റ് മടി കാണിക്കുന്നതിന് ചില കാരണങ്ങളുണ്ട്. അതാണ് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. മന്ത്രി അതറിഞ്ഞിട്ടുണ്ടോ എന്ന് എനിക്കറിയില്ല, മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്. ഈ ഗവൺമെന്റിന്റെ പിൻബല ത്തോടുകൂടി നിയമനിർമ്മാണത്തിൽ അഴിമതിയും സ്വജനപക്ഷപാതവും കോഴിക്കോട് സർവ്വകലാശാലയിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റിന് ധാർമ്മികമായോ ഭരണപരമായോ ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ അവകാശം ഇല്ലാതിരിക്കെ അവിടെ ഇപ്പോൾ നിയമനങ്ങളുടെ പരമ്പരതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ മാത്രമല്ല, കേരള യൂണിവേഴ്സിറ്റിയിലും ഇപ്പോൾ അതാണ് നടക്കുന്നത്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്തരം കാര്യങ്ങൾ കണ്ടാൽ ശ്രദ്ധിച്ച് നടപടി സ്വീകരിക്കാൻ മനസ്സുള്ള ആളാണെന്നുള്ള ധാരണയിലാണ് ഞാൻ പറയുന്നത്. സർ, അവിടെ Applications are invited in the prescribed form for appointment of Assistant Engineer, Civil in the University in the scale of ..... എന്നുപറഞ്ഞ് 11-10-2004-ൽ പത്രങ്ങളിൽ നോട്ടിഫൈ ചെയ്തു. അതിന് ചുവടെ പറയുന്നത് നമ്പർ ഓഫ് വേക്കൻസീസ് ഒന്ന് എന്നാണ്. എല്ലാ പത്രങ്ങളിലും അതിന്റെ നോട്ടിഫിക്കേഷൻ വന്നു. യൂണിവേഴ്സിറ്റി കൊടുത്തിട്ടുള്ള നോട്ടിഫിക്കേഷനിൽ പറയുന്നത് ഒരു വേക്കൻസി എന്നാണ്. ഞാൻ ഈ രേഖയെല്ലാം മന്ത്രിക്ക് തരാം. ഈ കഴിഞ്ഞ 23-ാം തീയതി ശനിയാഴ്ച ആ പോസ്റ്റിലേക്കുള്ള ഇന്റർവ്യൂ നടന്നു. 24-ാം തീയതി ഞായറാഴ്ചയാണ്. സാധാരണഗതിയിൽ ഒരു ഒഴിവിലേക്കുള്ള നിയമനത്തിന് സർവകലാശാല നിശ്ചയിച്ചുകഴിഞ്ഞാൽ ആ വിവരം തപാൽവഴി ബന്ധപ്പെട്ട വ്യക്തിയെ അറിയിക്കും. അയാൾവന്ന് ജോയിൻ ചെയ്യുകയാണ് ചെയ്യുന്നത്. അതാണ് നടപടിക്രമം. അവിടെ ഒരു പോസ്റ്റിലേക്ക് ആപ്ലിക്കേഷൻ ക്ഷണിച്ചിട്ട് നാല് പേരെ നിയമിച്ചു. University of Calicut, Administration Department, Subject – Establishment – Posting of Assistant Engineers-joining report. നാല് പേർക്ക് 25-ാം തീയതി കടലാസ് അയയ്ക്കുന്നു; 26-ാം തീയതി ഇവർ ജോയിൻ ചെയ്യുന്നു. നാല് പേർ. ഒരു പോസ്റ്റിലേക്ക് അപേക്ഷ ക്ഷണിക്കുക, നാല് പേരെ നിയമിക്കുക. സഹീർ ബാബു, രേഖ, മുഹമ്മദ് സലീൽ, സുരജ് എന്നീ നാല് പേരെയാണ് നിയമിച്ചത്. ഒരു പോസ്റ്റിലേക്ക് നോട്ടിഫൈ ചെയ്തിട്ട് നാല് പേരെ എടുത്തു. യൂണിവേഴ്സിറ്റിയുടെ നോട്ടിഫിക്കേഷനാണ്. ഞാൻ രേഖ മന്ത്രിക്ക് തരാം. അപ്പോയിന്റ്മെന്റ് ഓർഡറിന്റെ കോപ്പിയാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. സഹീർ ബാബുവിനെ എടുത്തപ്പോൾ ജോയിനിംഗ് ഡേറ്റ് 26 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ പറഞ്ഞിരിക്കുന്നത് "This appointment is subject to the production of Medical fitness certificate from a Civil Surgeon within two days." മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാതെ അയാളെ ജോയിൻ ചെയ്യിപ്പിച്ചു. അതിരിക്കട്ടെ, രണ്ടാമത് ശ്രീമതി രേഖ, രേഖയുടെ കാര്യത്തിലെന്താണ്? This appointment is subject to the production of non-creamy layer certificate issued within a period of six months from the concerned authority; it should be produced within ten days. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടു ചോദിക്കട്ടെ, കേരളത്തിലെ ഏതെങ്കിലും ഒരു നിയമനത്തിനോ കേരളത്തിലെ ഏതെങ്കിലുമൊരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിനോ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ആവശ്യമില്ലാത്തിരുന്നിട്ടുണ്ടോ? ഒന്നുകിൽ അപേക്ഷയോടുകൂടിത്തന്നെ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വയ്ക്കണം; അതല്ലെങ്കിൽ ഇന്റർവ്യൂ സമയത്ത് വയ്ക്കണം. ഇക്കാര്യത്തിൽ അപേക്ഷയിൽ സർട്ടിഫിക്കറ്റ് ഇല്ല; ഇന്റർവ്യൂവിന്റെ സമയത്ത് സർട്ടിഫിക്കറ്റ് ഇല്ല. ഇതില്ലാതെ ഒരാളെയെങ്ങനെ നിശ്ചയിക്കും? എന്റെ മണ്ഡലത്തിലെ ഒരു വിദ്യാർത്ഥി ലാ കോളേജിൽ എൻട്രൻസ് എഴുതി, ആ എൻട്രൻസ് എഴുതുന്ന സമയത്ത് ക്രീമിലേയറുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് വയ്ക്കാത്തതുകൊണ്ട് അയാളെ റാങ്ക് ലിസ്റ്റിൽനിന്ന് മാറ്റി. എൻട്രൻസ് കമ്മിഷനിൽ വിളിച്ചന്വേഷിച്ചപ്പോൾ പറഞ്ഞത് അപേക്ഷയോടൊപ്പം ഇത് വച്ചില്ലെങ്കിൽ സംവരണം സംബന്ധിച്ചുള്ള ക്രമം നിശ്ചയിച്ചുവരുമ്പോൾ അത് പറ്റില്ല എന്നാണ്. പി.എസ്.സി-യെ സംബന്ധിച്ച് ഇപ്പോൾ നിഷ്കർഷിക്കുന്നത് ഇന്റർവ്യൂവിന്റെ സമയത്ത് ഇത് ഹാജരാക്കണമെന്നാണ്. ഇവിടെ ഈ സർവ്വകലാശാലയിൽ സംവരണത്തെക്കുറിച്ച് നിങ്ങൾ പറയുന്നില്ലേ? ഈ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചില്ലെങ്കിൽ യഥാർത്ഥത്തിൽ ആ ആപ്ലിക്കേഷൻ തള്ളിക്കളയേണ്ടതല്ലേ? അന്ന് തള്ളിക്കളഞ്ഞില്ല. 23-ാം തീയതി ഇന്റർവ്യൂവിന് വരുമ്പോൾ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൊണ്ടുവന്നില്ലെങ്കിൽ അന്ന് അയാളെ മാറ്റണ്ടേ? അന്നും മാറ്റിയില്ല. അന്നും മാറ്റാതെ ഇത് പത്ത് ദിവസത്തിനുള്ളിൽ ഹാജരാക്കണമെന്ന് പറഞ്ഞുകൊണ്ട് രേഖയ്ക്ക് എന്ത് അടിസ്ഥാനത്തിൽ നിയമന ഉത്തരവ് അയച്ചു? ഞാൻ സംസാരിച്ച് കഴിഞ്ഞിട്ട് ഈ കടലാസ് മന്ത്രിക്ക് കൊടുക്കുകയാണ്. ആളെ എങ്ങനെയാണ് വച്ചത്? മൂന്നാമത്തെ ആൾ മുഹമ്മദ് സലീൽ. This appointment is subject to the production of equivalency certificate of the qualifying degree within ten days. കർണ്ണാടകയിൽ നിന്നാണ് ഡിഗ്രി എടുത്തിരിക്കുന്നത്. ആ ഡിഗ്രിയുടെ ഇക്വിവലന്റ് സർട്ടിഫിക്കറ്റ് ഇന്റർവ്യൂ സമയത്ത് കൊടുക്കണ്ടേ? അതും ഇല്ലാത്ത ഒരാളെ വച്ചു. ക്രീമിലേയർ സർട്ടിഫിക്കറ്റ് ഇല്ലാത്ത ഒരാളെ വച്ചു. അടുത്തത് സുരജ്. This appointment is subject to the production of Medical fitness certificate from a Civil Surgeon. രണ്ടാൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല. ഒരാൾക്ക് ക്രീമിലെയർ സർട്ടിഫിക്കറ്റ് ഇല്ല; മര്യാദയുള്ള ഇക്വിവലന്റ് സർട്ടിഫിക്കറ്റില്ല. എന്തിനാണ് ഇത്ര തിരക്കുപിടിച്ച് അപേക്ഷ ക്ഷണിക്കുന്നത്? അതാണ് ഞാൻ പറഞ്ഞത് ഒരു പോസ്റ്ററിലേക്കാണ് നിയമനം നടത്തുന്നത്. നാല് പേരുടെ നിയമനം അനധികൃതമായിട്ടല്ലേ നോമിനേറ്റഡ് സിൻഡിക്കേറ്റ് നടത്തിയത്? ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് ഞാൻ വിചാരിക്കുന്നത്; പെട്ടാൽ അങ്ങത് അനുവദിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇക്കാര്യം കൃത്യമായിട്ട് അങ്ങ് അന്വേഷിക്കണം. തീർന്നില്ല. ഇത് ആദ്യത്തത് മാത്രം. രണ്ടാമതായി ഇലക്ട്രിസിറ്റി വർക്കർമാരെ തെരഞ്ഞെടുത്ത കാര്യം പറയാം. ഇലക്ട്രിസിറ്റി വർക്കറുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന നടപടി കഴിഞ്ഞു. അതിന്റെ ഇന്റർവ്യൂ ആഗസ്റ്റ് 18-ാം തീയതി നടക്കുകയാണ്. അവിടെ നിയമിക്കാൻ പോകുന്ന ആളെ സംബന്ധിച്ച് അഡ്വാൻസായി മന്ത്രിയോട് പറയുകയാണ്. ആ സർവ്വകലാശാലയിൽ ആകെ പാട്ടായിട്ടുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്. അവിടെ ആറ് പേരെ നിയമിക്കാൻ വേണ്ടി ലീഗിന്റെ ആളുകൾ നിശ്ചയിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി; അങ്ങിത് അറിഞ്ഞിട്ടുണ്ടാകില്ല. ഞാൻ ആ പേരുകൾ പറയാം. ഒന്ന് അബ്ദുൾ ജലീൽ, എന്റെ കൂടെ സിൻഡിക്കേറ്റിൽ ഉണ്ടായിരുന്ന, ഇപ്പോൾ പി. എസ്.സി. മെമ്പർ ആയിട്ടുള്ള അബ്ദുൾ ഹമീദിന്റെ ബന്ധുവാണ് അബ്ദുൾ ജലീൽ. രണ്ട്, മുഹമ്മദ് അലി, പള്ളിക്കൽ പഞ്ചായത്തിലെ യൂത്ത്‌ലീഗിന്റെ നല്ല പ്രവർത്തകനാണ്. മോശമാണെന്ന് ഞാൻ പറയുന്നില്ല. നല്ല പ്രവർത്തകനാണ് മുഹമ്മദ് അലി. മൂന്ന്, ജാഫർ, അവിടെ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന റിട്ടയേർഡ് അസിസ്റ്റന്റ് മിരാൻ മൊയ്തീൻ, (സോളിഡാരിറ്റിയിൽ നല്ല പ്രവർത്തകനാണ്) എന്നയാളിന്റെ ജ്യേഷ്ഠന്റെ മകനാണ്. നാല്, നവാസ്, സോളിഡാരിറ്റി നേതാവ്, ബാബയുടെ ജേഷ്ഠന്റെ മകൻ. അഞ്ച്, ഹിദായത്ത്, ഇറടികോട്ട. ലീഗിനുവേണ്ടി ആവേശകരമായി പ്രവർത്തനം നടത്തുന്ന ഒരാൾ. ആറ്, മുജീബ്, ഇടിമുഴിക്കൽ-അദ്ദേഹം പഞ്ചായത്തിലെ ലീഗിന്റെ പ്രവർത്തകനാണ്. ഈ ലിസ്റ്റ് അവിടെ വന്നു, ഞാൻ മന്ത്രിയോട് പറയുകയാണ്. തുകയൊന്നും ഇപ്പോൾ പറയുന്നില്ല. അവിടെയൊരു വർത്തമാനമെല്ലാമുണ്ട്. ഇലക്ട്രിസിറ്റി വർക്കറുടെ ഇന്റർവ്യൂ തിരക്കുപിടിച്ച് 18-ാം തീയതി നടത്താൻ പോകുകയാണ്. അങ്ങ് അതൊന്ന് പരിശോധിക്കണം. ഈ പേര് ഒന്ന് എഴുതിയെടുക്കണം, ഞാൻ ഒന്നുകൂടി പറയാം. അബ്ദുൾ ജലീൽ, മുഹമ്മദ് അലി, ജാഫർ, നവാസ്, ഹിദായത്ത്, മുജീബ്. പ്യൂണിന്റെ നിയമനം നോട്ടിഫൈ ചെയ്തുകഴിഞ്ഞു. സംവരണം നോക്കിയിട്ടില്ല. ക്രീമിലെയർ സർട്ടിഫിക്കറ്റ് കൊടുക്കാതെ നിയമനം നടക്കുകയില്ലല്ലോ. പ്യൂണിന്റേത് നോട്ടിഫൈ ചെയ്തു. 200 പോസ്റ്റ് വരുന്നതാണ്. അഡ്വാൻസ് വാങ്ങുന്നതിനുവേണ്ടിയുള്ള ഏജൻസി പ്രവർത്തനം നടക്കുന്നുണ്ട്. അങ്ങ് ഇക്കാര്യം അന്വേഷിക്കണം. ബൊട്ടാണിക്കൽ ഗാർഡനിൽ ഗാർഡനേഴ്സായി നാലുപേരെ എടുത്തു. തോട്ടം നന്നാകുമെന്ന് പ്രതീക്ഷിക്കാം. നല്ല ഒരു ബൊട്ടാണിക്കൽ ഗാർഡൻ അവിടെയുണ്ടാകും. പക്ഷേ, ഏക കലാപരിപാടി ആറ് മാസമായിട്ടും നിയമനം മാത്രമാണ്. നിയമനമല്ലാതെ അവിടെ വേറൊന്നും നടന്നിട്ടില്ല. ഇൻസ്ട്രുമെന്റേഷനിലേക്ക് ഒരു ജൂനിയർ എൻജിനീയറെ നിയമിച്ചു. അത് സോളിഡാരിറ്റിയുടെ, നേരത്തെ അവിടെനിന്ന് റിട്ടയർ ചെയ്ത അബൂബേക്കറുടെ മകനാണ്. ആയിക്കോട്ടെ, സുവോളജി ഡിപ്പാർട്ടുമെന്റിൽ ടെക്നീഷ്യനായി സുബൈറിനെ നിയമിച്ചു. അയാൾ രോഗിയാണെന്നുപറഞ്ഞ് സർട്ടിഫിക്കറ്റ് കൊടുത്തു. എന്നാലും സ്വന്തക്കാരനാകുമ്പോൾ നിയമിക്കാതിരിക്കാൻ പറ്റുകയില്ലല്ലോ. അയാൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയമനം കൊടുത്തു, ഒരു സർട്ടിഫിക്കറ്റും കൊടുക്കാതെ സുബൈറിനെ അവിടെ നിയമിച്ചു. ഞാൻ എഴുതിത്തരാം. യു.വി.കെ. മുഹമ്മദിനെ സിൻഡിക്കേറ്റ് മെമ്പറായി നോമിനേറ്റ് ചെയ്തു. അതിൽ ആക്ഷേപമൊന്നുമില്ല. ലീഗുകാരനാണെന്ന് മാത്രമേയുള്ളൂ. 31-3-2005-ൽ അയാൾ റിട്ടയർ ചെയ്തു. യൂണിവേഴ്സിറ്റി അദ്ധ്യാപകരെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള വിഭാഗത്തിൽനിന്ന് വന്നയാളാണ്. വീണ്ടും തുടരുകയാണ്.' ഇത് എക്സ്റ്റെന്റ് ചെയ്യുമ്പോൾ അത് തുടരുമോയെന്ന് മന്ത്രി വ്യക്തമാക്കണം. ഞാൻ ദീർഘമായി അതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. കോഴിക്കോട് സർവ്വകലാശാലയിലെ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട മെമ്പർ ഈ നിയമനങ്ങളെപ്പറ്റിയും നിയമനങ്ങളിലെ ചില അവിശുദ്ധ കാര്യങ്ങളെപ്പറ്റിയും പറയുകയുണ്ടായി. ഇത് ഇന്നത്തെ ഒരു ഹിന്ദുപത്രത്തിലെ വാർത്തയാണ്. തലക്കെട്ട് 'Education cannot be left to market forces'. ഇത് കേൾക്കുമ്പോഴേ നമ്മുടെ പ്രിയപ്പെട്ട മന്ത്രി ഇടതുപക്ഷക്കാരന്റെ പത്രമാണെന്നു പറയും. പക്ഷെ അല്ല. The three-day South Zone Vice-Chancellors' Conference നടക്കുകയാണ്. ദക്ഷിണേന്ത്യയിലെ എല്ലാ വൈസ്ചാൻസലർമാരുടെയും മീറ്റിങ് ഇന്നലെ മുതൽ നടക്കുകയാണ്. കർണ്ണാടകത്തിലെ Infosys campus-ൽവച്ചാണ് നടക്കുന്നത്. അവിടെ അസോസിയേഷൻ ഓഫ് ഇൻഡ്യൻ യൂണിവേഴ്സിറ്റീസിന്റെ ചെയർമാൻ ആയ വചസ്പതി ഉപാദ്ധ്യായയുടെ പ്രസംഗമാണ്. നമ്മുടെ മന്ത്രി എപ്പോഴും പറയുന്നത് കാന്തിബിശ്വാസിന്റെ പേരാണ്. കാന്തിബിശ്വാസിന്റെ പേര് പറയാതെ ഇതിനെപ്പറ്റിയുള്ള നിലപാട് പറയണം. നിയമനങ്ങൾക്ക് മാത്രമല്ല, കോഴ്സിൽ ചേരാനും, പഠിക്കാതെ പാസ്സാകാനും എല്ലാം പണം കൊടുത്താൽ മതി. മൂലധനവാഴ്ച വന്ന് വിദ്യാഭ്യാസത്തെ വേട്ടയാടുന്ന അവസ്ഥയെപ്പറ്റി മന്ത്രിയോട് പ്രതികരണമാരായാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. മത്തായി ചാക്കോ: അല്ല, ഈ നമ്പ്രത്തിൽനിന്ന് നൻമ പ്രതീക്ഷിച്ചിട്ട് കാര്യമില്ല എന്നു പറയുന്നതുപോലെ യു.ഡി.എഫ്. ഗവൺമെന്റിൽനിന്ന് നൻമയോ അഴിമതിരഹിതമായിട്ടുള്ള നിലപാടോ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് അതൊരു നയത്തിന്റെ ഭാഗമായിരിക്കാം. കേരള സർവ്വകലാശാലയുടെ അസിസ്റ്റന്റ് ഗ്രേഡ്-II-ലേക്ക് അപേക്ഷ ക്ഷണിച്ചു. തൊഴിലില്ലാത്ത ആളുകൾ പതിനായിരക്കണക്കിനുണ്ട്. നാൽപ്പത്തയ്യായിരം അപേക്ഷകൾ വന്നു. അവിടെ ഇതിനുവേണ്ടി ടെസ്റ്റ് നടത്തിയ സമയത്ത് പല സെന്ററുകളിലും ചോദ്യപ്പേപ്പർ പൊട്ടിച്ച നിലയിൽ വന്നു. ശാസ്തമംഗലം സ്കൂളിൽ ഇതിന്റെ ഭാഗമായി പരീക്ഷ തടസ്സപ്പെട്ടു. ഒ.എം.ആർ. ഷീറ്റ് ഉപയോഗിച്ച് പരീക്ഷ നടത്തി. പരീക്ഷാർത്ഥികളെ തിരിച്ചറിയാത്ത വിധത്തിൽ രജിസ്റ്റർ നമ്പർ എഴുതിയ ഭാഗം വേർപെടുത്താതെയാണ് പല സ്ഥലത്തും കൊടുത്തത്. ഇത്രയും തിരക്കുപിടിച്ച് നിയമനം നടത്താൻ എന്താണ് കാര്യം? അങ്ങേക്ക് ഇടപെടുകൂടെ? നോമിനേറ്റഡ് സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പിൽ ആരോ വരട്ടെ, യു.ഡി.എഫ്.-ഓ എൽ.ഡി.എഫ്.-ഓ ആകട്ടെ, തെരഞ്ഞെടുക്കപ്പെട്ട ഒരു സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതിനുവേണ്ടിയുള്ള സാവകാശത്തിലേക്കല്ലേ വച്ചിരിക്കുന്നത്? ഇത്രയും തിരക്കുപിടിച്ച് നിയമനം നടത്തേണ്ടതുണ്ടോയെന്ന് അഞ്ച് അന്വേഷിക്കണം. സെക്യൂരിറ്റി നിയമനത്തിന് സൈനിക ബോർഡിൽനിന്നാണ് സെക്യൂരിറ്റിക്കാരെ എടുക്കുന്നത്. അതിന്റെ സീനിയോറിറ്റിയെ സമ്പൂർണ്ണമായി മറികടന്നുകൊണ്ട് അവിടെ നിയമനം നടന്നു. പ്യൂൺ, വാച്ച്മാൻ തസ്തികകളിൽ ഒരു വർഷം മുൻപ് invalidate ചെയ്ത ലിസ്റ്റിൽ നിന്ന് validate ചെയ്ത് 50 പേരെ നിയമിച്ചു. ഈ പ്രക്രിയയല്ലേ രണ്ട് സർവ്വകലാശാലയിലും നടന്നുകൊണ്ടിരിക്കുന്നത്? അതുപോലെതന്നെ മെരിമാതാ കോളേജിന്റെ കാര്യത്തിൽ എന്താണ് ഉണ്ടായതെന്ന് അന്വേഷിക്കേണ്ട കാര്യമാണ്. ഈ നിയമസഭയിൽ ചർച്ച വന്നതാണ്. മാനേജുമെന്റിന്റെ അറിവോടുകൂടി അവിടെ കൊപ്പിയടി നടന്നു. അപ്പോൾ അഫിലിയേഷൻ റദ്ദാക്കണമെന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു. അതേസമയം കോടതിയുടെ ഇടപെടലുണ്ടായി. ആ കോടതിവിധിയുടെ അടിസ്ഥാനത്തിൽ അപ്പീൽ പോകാനുള്ള തീരുമാനം സിൻഡിക്കേറ്റ് ന്യായമായി എടുക്കുന്നില്ല. അപ്പീലിന് പോകാതിരിക്കുകയാണ്. അഫിലിയേഷൻ പുനഃസ്ഥാപിച്ച് മാനേജുമെന്റിനെ സഹായിക്കുന്ന നിലപാട് അവിടെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. അഞ്ച് പരിശോധിക്കാൻവേണ്ടി മാത്രം പറയുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അഴിമതിക്കെതിരായി നടപടിയെടുക്കുമെന്ന പ്രതീക്ഷയൊന്നും ഞങ്ങൾക്കില്ല. പക്ഷേ, സർവ്വകലാശാലകളുടെ നോമിനേറ്റഡ് സംവിധാനങ്ങളിൽ നയപരമായ തീരുമാനങ്ങളെടുക്കുന്നതിനും നിയമനങ്ങൾ നടത്തി കോഴ വാങ്ങുന്നതിനും എതിരായിട്ടുള്ള സമീപനം സ്വീകരിക്കാൻ തയ്യാറാകണം. പൊതുവിൽ യു.ഡി.എഫ്.-ന്റെ സ്ഥിതി എടുത്തു പരിശോധിച്ചാൽ അഴിമതിക്കെതിരായി നടപടിയെടുക്കേണ്ട പ്രശ്നം വരുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ഹിമാലയൻ പഴങ്കഞ്ഞിപോലുള്ള തണുത്ത സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ മാറ്റമുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളൊന്നും നേരിട്ട് അറിഞ്ഞിട്ടുണ്ടാകില്ല. അതുകൊണ്ട് അതിനൊരു സംവിധാനമുണ്ടാകണം. ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ, എന്തിനാണ് 12 മാസമെന്നു നിങ്ങൾ പറയുന്നത്, 12 മാസമെന്നു പറയേണ്ട കാര്യമില്ല. കാലാവധി തീരുന്നതിനുമുമ്പ് തെരഞ്ഞെടുക്കപ്പെടുന്ന ബോഡി അധികാരത്തിൽ വരുമെങ്കിൽ whichever is earlier എന്നൊരു ക്ലാസ്സ് സാധാരണ വയ്ക്കാറുണ്ടല്ലോ? ഈ ബില്ലിൽ അതില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലും ഇല്ല. പക്ഷേ, അത് വരുന്നത് നന്നാകും. അമെന്റ് മെന്റിലും കൊടുത്തിട്ടില്ല. ബില്ലിലും പറയുന്നില്ല. മൊത്തം അമെന്റ് മെന്റാണ്. യൂണിവേഴ്സിറ്റി ആക്റ്റിന്റെ മുകളിൽ ഒരു അമെന്റ് മെന്റ്, അതിന്റെ മുകളിൽ ഒരു അമെന്റ് മെന്റ്. The University Laws (Amendment) Act, 2005, in sub-section (1) of section 7, for the words "for a period of six months", the words "for a period of twelve months" shall be substituted. അങ്ങനെ മാത്രമേ പറഞ്ഞിട്ടുള്ളൂ. അതല്ലാതെ വേറൊന്നും പറഞ്ഞിട്ടില്ല. അതായത്, വേണമെങ്കിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബോഡി തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ അത് തെരഞ്ഞെടുക്കപ്പെടുന്ന സമയം എന്നാക്കണം. 12 മാസം എന്നു പറയേണ്ട ആവശ്യമില്ല. കാലാവധിയിൽ ഈ രൂപത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സംവിധാനത്തിന് അധികാരത്തിൽ വരാനാവശ്യമായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കണമെന്ന വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ബഹുമാന്യനായ മത്തായി ചാക്കോ പറഞ്ഞ കാര്യങ്ങൾകൊണ്ടാണ് ഞാനും ഈ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. നമ്മുടെ സർവ്വകലാശാലകളുടെ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോവുകയും അത് നോമിനേറ്റഡ് മെമ്പർമാരെക്കൊണ്ട് കൈകാര്യം ചെയ്യിക്കുകയും ചെയ്യുന്നതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരുപാട് അപാകതകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞങ്ങൾ ഈ ഡിസെന്റ് രേഖപ്പെടുത്തുന്നതിനുമുൻപുതന്നെ പറഞ്ഞു, ഇതിന്റെ കാലാവധി മൂന്ന് മാസം മതിയെന്ന്. അതായത് നമ്മുടെ യൂണിവേഴ്സിറ്റികളിൽ കോടതിയുടെ ഇടപെടൽ ഇല്ലാതായതിന്റെ ഫലമായി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും തെരഞ്ഞെടുപ്പ് വളരെ പെട്ടെന്നുതന്നെ കഴിയുന്നതാണ്. മൂന്ന് മാസം എടുത്തുകഴിഞ്ഞാൽ തീർച്ചയായിട്ടും ഈ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചുകൊണ്ട് യൂണിവേഴ്സിറ്റികളിലെ സെനറ്റിനെയും സിൻഡിക്കേറ്റിനെയും എല്ലാം അധികാരത്തിൽ വരുത്താൻ കഴിയും. പക്ഷേ, മന്ത്രി പറഞ്ഞു, മൂന്ന് മാസംകൊണ്ട് കഴിയില്ല, ആറ് മാസമായി നീട്ടണമെന്ന്. അങ്ങനെ ആറ് മാസമായി നീട്ടി. പിന്നീട് ആറ് മാസം കൂടി നീട്ടി 12 മാസമാക്കി മാറ്റി. ഇങ്ങനെ സമയം നീട്ടിക്കൊടുക്കുന്നതിന്റെ ഉദ്ദേശം ഇപ്പോൾ ഇവിടെ വ്യക്തമായിക്കഴിഞ്ഞിരിക്കുകയാണ്. സർവ്വകലാശാലകളുടെ ജനാധിപത്യ അവകാശങ്ങളെല്ലാംതന്നെ കവർന്നെടുക്കുകയും, സർവ്വകലാശാലകളെ നിക്ഷിപ്ത താൽപ്പര്യക്കാരുടെ താവളങ്ങളാക്കി മാറ്റുകയും ചെയ്യുന്നതിന്റെ ദുരന്തമാണ് ശ്രീ. മത്തായി ചാക്കോ വിശദീകരിച്ചത്. നോമിനേറ്റഡ് കമ്മിറ്റിയെ വച്ച് തങ്ങളുടെ സങ്കുചിതമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതാണ് നിയമനത്തിന്റെ കാര്യത്തിൽ ഇവിടെ പറഞ്ഞത്. നിയമനത്തിന്റെ കാര്യത്തിൽ മാത്രമല്ല, പരീക്ഷാ നടത്തിപ്പിലെ തട്ടിപ്പുകളെ സംബന്ധിച്ചെല്ലാം ഇവിടെ പറഞ്ഞു. അങ്ങനെ സങ്കുചിതമായിട്ടുള്ള നിക്ഷിപ്ത താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി തെരഞ്ഞെടുപ്പ് പ്രക്രിയ നീട്ടിക്കൊണ്ടുപോകുന്നു എന്നുള്ള ആക്ഷേപം ഞങ്ങൾ ഉന്നയിക്കുകയാണ്. തീർച്ചയായിട്ടും സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും തെരഞ്ഞെടുപ്പ് അതിവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമെങ്കിൽ ഇത്രയേറെ കാലാവധി നീട്ടിക്കൊടുക്കേണ്ട ആവശ്യമില്ല. വളരെ ചുരുങ്ങിയ സമയം കൊണ്ടുതന്നെ ഈ പ്രക്രിയ പൂർത്തീകരിക്കാൻ കഴിയേണ്ടതാണ്. പക്ഷേ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർക്ക് തെരഞ്ഞെടുപ്പെന്നു കേൾക്കുന്നതുതന്നെ അലർജിയാണ്. ലോക്കൽ ബോഡീസിലേക്ക് സമയബന്ധിതമായി തെരഞ്ഞെടുപ്പ് നടത്തുമെന്നാണ് മുഖ്യമന്ത്രിയും ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. തെരഞ്ഞെടുപ്പ് നടത്തുമെന്ന് പറയുകയല്ലാതെ നടത്താൻവേണ്ടിയുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ല. ഈ കാര്യത്തിലും അതേ നിലപാടുതന്നെയാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സ്വീകരിച്ചുവരുന്നത്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ ഇതിലെ നിക്ഷിപ്ത താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിത്തന്നെയാണ് ഇതിന്റെ നടപടിക്രമങ്ങൾ നീട്ടിക്കൊണ്ടുപോകുന്നത്. അങ്ങനെ ചെയ്യരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. എത്രയും പെട്ടെന്നുതന്നെ നമ്മുടെ സർവ്വകലാശാലകളിലെ ജനാധിപത്യ അവകാശങ്ങളും സ്വയംഭരണാവകാശങ്ങളും തിരിച്ചുകൊണ്ടുവരാൻ കഴിയണമെന്നുണ്ടെങ്കിൽ സെനറ്റും സിൻഡിക്കേറ്റുമെല്ലാം തന്നെ അധികാരത്തിലെത്തേണ്ടതുണ്ട്. അതിന്റെ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. ഇപ്പോൾ പറയുന്നത് 12 മാസം എന്നുള്ളതാണ്. അതായത്, അടുത്ത ജനുവരി മാസംവരെയായിരിക്കും ഇതിന്റെ കാലാവധി. നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെയും കാലാവധി നീട്ടണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത്രയുമൊന്നും കാലതാമസം എടുക്കേണ്ടതില്ല. എത്രയും പെട്ടെന്ന് തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യപരമായിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്. അതോടൊപ്പംതന്നെ ഇപ്പോൾ നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്തേണ്ടതാണ്. ശ്രീ. മത്തായി ചാക്കോ പറഞ്ഞ ഒരു ആരോപണമുണ്ട്. ഒരാളെ നിയമിക്കുന്നതിനുവേണ്ടി നോട്ടിഫൈ ചെയ്തിട്ട്, നാല് പേരെയാണ് നിയമിച്ചിരിക്കുന്നത്. അതിലൊക്കെ വന്നിട്ടുള്ള ക്രമക്കേടുകൾ ഇവിടെ പറഞ്ഞതിൽനിന്നും നമുക്ക് മനസ്സിലായി. ഇക്കാര്യത്തിലൊക്കെ വലിയ സ്വജനപക്ഷപാതം നടന്നിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സർവ്വകലാശാലകളെ ഈ രീതിയിലുള്ള വേദികളാക്കി മാറ്റുന്നത് നമുക്ക് ഭൂഷണമാണോ എന്നുള്ളത് ഉന്നതവിദ്യാഭ്യാസ രംഗത്തെക്കുറിച്ചൊക്കെ വളരെ വാചാലമാകുന്ന മന്ത്രി പരിശോധിക്കണം. ഈ നടന്ന നിയമനങ്ങളെക്കുറിച്ചും മറ്റ് ക്രമക്കേടുകളെ സംബന്ധിച്ചും സമഗ്രമായിട്ടുള്ള ഒരന്വേഷണം നടത്താൻ തയ്യാറാകണമെന്നും സർവ്വകലാശാലകളിലെ ജനാധിപത്യ അവകാശങ്ങൾ എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന് തെരഞ്ഞെടുപ്പുകളോടുള്ള അലർജിയാണ് ഇവിടെ പ്രകടമാകുന്നത്. ഇന്നലെ ഈ സഭയിൽ നിയമ സർവ്വകലാശാല ബില്ലിനെക്കുറിച്ചുള്ള ചർച്ച നടന്നപ്പോൾ വിവിധ വിഭാഗങ്ങളെ പ്രതിനിധീകരിച്ച് അതിന്റെ ജനറൽ കൗൺസിലിലും എക്സിക്യൂട്ടീവ് കൗൺസിലിലും ഉൾപ്പെടുത്തേണ്ടവരെ തെരഞ്ഞെടുക്കണമെന്ന അഭിപ്രായം ആവർത്തിച്ചാവർത്തിച്ച് ഞങ്ങൾ ഉന്നയിച്ചിട്ടും അത് അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. ഇന്നലെ രാവിലെ ശൂന്യവേളയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് മാറ്റിക്കൊണ്ടുപോകുന്നതിന് ബോധപൂർവ്വം ശ്രമിക്കുന്നതായിട്ടുള്ള ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഇവിടെ അടിയന്തിരപ്രമേയത്തിന് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അനുമതി ചോദിച്ചു. അപ്പോഴും മുഖ്യമന്ത്രി ഉടൻ നടത്തുമെന്ന് പറഞ്ഞതല്ലാതെ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സർവ്വകലാശാലാ സിൻഡിക്കേറ്റുകളുടെ തെരഞ്ഞെടുപ്പ് കൃത്യസമയത്ത് നടത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് നിലവിൽ വരുന്നതിനും എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരാൻപോകുമ്പോഴാണോ തെരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിക്കുന്നത്? നേരത്തെ ആലോചിക്കേണ്ടതല്ലായിരുന്നോ? നേരത്തെ എന്തുകൊണ്ട് ആലോചിക്കാൻ കഴിഞ്ഞില്ല? നേരത്തെ ആലോചിക്കുകയും അതാതുവിഭാഗം ആളുകളെ സംബന്ധിച്ചിടത്തോളം സർവ്വകലാശാലാ സെനറ്റിലേക്കുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് കൃത്യസമയത്ത് നടത്തുകയും ചെയ്തുവെങ്കിൽ ഈ ആദ്യത്തെ ആറ് മാസത്തേക്ക്വേണ്ടിയുള്ള താൽക്കാലിക സമിതികളെ നോമിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ ഇവിടെ കൊണ്ടുവരേണ്ടിവരില്ലായിരുന്നു. ഇപ്പോൾ എല്ലാം ശരിയായിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കാൻ കഴിയും അല്ലെങ്കിൽ ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാൻ കഴിയും എന്ന് പറയുന്ന മന്ത്രി എന്തുകൊണ്ടാണ് ഇത് ആറ് മാസത്തേക്ക് നീട്ടാൻ ആഗ്രഹിക്കുന്നത്? മൂന്ന് മാസത്തേക്ക് നീട്ടണമെന്നുള്ള ഭേദഗതി നിർദ്ദേശമാണ് ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ശരിയാണെങ്കിൽ ഈ ആറ് മാസത്തേക്ക് നീട്ടേണ്ട കാര്യമില്ല. കേവലം മൂന്ന് മാസത്തിനുള്ളിൽത്തന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ ആത്മാർത്ഥത വേണം. നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും കാലാവധി വീണ്ടും ജനുവരിവരെ നീട്ടിയതിനുശേഷം ഈ ഗവൺമെന്റിന്റെ കാലയളവിനുള്ളിൽ ഈ സർവ്വകലാശാലാ ഭരണസമിതികളിലേക്ക് തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങൾക്കാണ് ഗവൺമെന്റിനുവേണ്ടി ഈ മന്ത്രി നേതൃത്വം നൽകുന്നത് എന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സാജു പോൾ : സർ, ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന യു.ഡി.എഫ്.-ലെ മുഖ്യകക്ഷിയായ കോൺഗ്രസിലും ബിൽ പൈലറ്റ് ചെയ്ത ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ലീഗ് എന്നു പറയുന്ന പാർട്ടിയിലും ഇലക്ഷൻ എന്നു പറയുന്നത് ഇല്ല. ചില പരിഗണനകൾ വച്ചുകൊണ്ടുള്ള സെലക്ഷനാണ് നടത്തുന്നത് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, എല്ലാ പാർട്ടികളുടെയും ആഭ്യന്തരകാര്യത്തെക്കുറിച്ച് എനിക്ക് പറയാൻ വയ്യ. ബഹുമാനപ്പെട്ട മത്തായി ചാക്കോ കോഴിക്കോട് സർവ്വകലാശാലയിൽ നടന്ന ചില നിയമനങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്ക് നേരിട്ട് അറിയില്ല. അദ്ദേഹം ഇവിടെ പറഞ്ഞുകഴിഞ്ഞു. പറഞ്ഞുകേട്ടത് ശരിയാണെങ്കിൽ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിനെപ്പോലെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ അങ്ങ് അറിഞ്ഞു കൊണ്ടാണെങ്കിലും അല്ലെങ്കിലും അങ്ങനെയൊന്നും നടക്കാൻ പാടില്ല. നമ്മളൊക്കെ സാമൂഹികനീതിക്കുവേണ്ടി സംസാരിക്കുന്ന ആളുകളാണ്. ഈ പറഞ്ഞ കൂട്ടത്തിൽ ഒരു പട്ടികജാതിക്കാരനെ നിയമിച്ചതായി കാണുന്നില്ല. അതുപോലെതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ലിസ്റ്റിൽ, സംവരണ ലിസ്റ്റിൽ ഒ.ബി.സി. ആയി ബ്രാക്കറ്റ് ചെയ്തിട്ടുള്ള 67 - 68 സമുദായങ്ങളുണ്ട്. ആ വിഭാഗത്തിൽപ്പെട്ട ഒരാൾപോലും ചില തസ്തികകളിൽ ഇല്ല എന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സാമൂഹികനീതി എന്നുപറയുമ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിനുവേണ്ടി മാത്രമുള്ള ഒരു നീതിയല്ല ഉദ്ദേശിക്കുന്നത്. എല്ലാവർക്കും വേണ്ടിയുള്ള ഒരു നീതി; വളരെ വിപുലവും വ്യാപകവുമായ അടിത്തറയിൽ അതിനെ കാണുവാൻ അങ്ങ് നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വകുപ്പും അതിന്റെ കീഴിലുള്ള സർവ്വകലാശാലകളും ശ്രമം നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സാമൂഹികനീതിയുടെ പ്രശ്നം, അതായത്, റിസർവ്വേഷന്റെ കാര്യം പല സന്ദർഭത്തിലും ഉന്നയിക്കാറുണ്ടല്ലോ. ഇപ്പോൾ സർവ്വകലാശാലാ നിയമനത്തെക്കുറിച്ച് പറഞ്ഞു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽനിന്ന് ഇപ്പോൾ മുസ്ലീംലീഗ് പിൻവാങ്ങിയെന്നു തോന്നുന്നു. ഞാൻ ഇന്നലെ ഒരു വിഷയം ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. നമുക്ക് നീതി കിട്ടേണ്ട അല്ലെങ്കിൽ നീതിക്കുവേണ്ടി സമീപിക്കേണ്ട കേരള ഹൈക്കോടതിയിൽ 29 ജഡ്ജിമാരുണ്ട്. അതിൽ ഒരാളാണ് എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളത്. കണക്കുപ്രകാരം, നമ്മുടെ സംവരണതത്ത്വം അനുസരിച്ച് ഏറ്റവും ചുരുങ്ങിയത് മൂന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുമുള്ള ജഡ്ജിമാർ വേണ്ടതാണ്. അതിന് അഭിരോഷകർ ഇല്ലാഞ്ഞിട്ടാണോ, അതോ അതിന് അർഹതയും കഴിവും ഉള്ളവർ ഇല്ലാത്തതുകൊണ്ടാണോ? ഹൈക്കോടതിയിൽപ്പോലും നീതി ലഭിക്കുന്നില്ല എന്ന് പറഞ്ഞുകഴിഞ്ഞാൽ പിന്നെ നമ്മൾ ഏത് സമിതിയെയാണ് ഈ സാമൂഹികനീതിക്കുവേണ്ടി സമീപിക്കേണ്ടത്?

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ജുഡീഷ്യറിയിലാണ് സാമൂഹികനീതി ഒരിക്കലും ഉറപ്പുവരുത്താത്തത്. സുപ്രീംകോടതിയുടെ ഘടന, ഹൈക്കോടതികളുടെ ഘടന ഇതൊക്കെ പരിശോധിച്ചാൽ യഥാർത്ഥത്തിൽ പട്ടികജാതിക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും നാമമാത്രമായ പ്രാതിനിധ്യംപോലും ഇല്ലെന്നുള്ളത് വസ്തുതയാണ്. കേരള ഹൈക്കോടതിയിൽ പട്ടികജാതിയിൽപ്പെട്ട ഒരാളെങ്കിലും വരാൻ ഇടയായ സാഹചര്യംതന്നെ ഞാൻ പറയാം. അദ്ദേഹത്തിന് അർഹമായ പ്രൊമോഷൻ നിഷേധിക്കാൻ ആസൂത്രിതമായ ശ്രമം തന്നെ ഉണ്ടായിരുന്നു. എന്നിട്ട് കേരളകൗമുദിപോലെയുള്ള പത്രം ഇവിടെ എഡിറ്റോറിയൽ എഴുതുകയും ശക്തമായ ബഹുജന

LIBRARY ARCHIVES Kerala Legislative Assembly

വികാരം നാട്ടിലെ ദളിത് സംഘടനകളുടെ ഭാഗത്തുനിന്ന് ഉയർന്നുവരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ആ വ്യക്തിയെത്തന്നെ നിയമിക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. എ. നീലലോഹിതദാസൻ നാടാർ പറഞ്ഞത് മുഴുവൻ സത്യമാണ്. കോടതിയിൽപ്പോലും സംവരണകാര്യത്തിൽ നീതി നടക്കുന്നില്ല. വിദ്യാഭ്യാസ വകുപ്പിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെപ്പോലെയുള്ള ഒരാൾ മന്ത്രിയായി ഇരിക്കുമ്പോൾ ആ വകുപ്പിലെങ്കിലും സംവരണകാര്യത്തിൽ നീതി നടത്തണ്ടേ? നടക്കുന്നില്ല. ഇന്ന് ദീപിക പത്രത്തിൽ വന്ന വാർത്ത ഞാൻ വായിക്കാം. 'വിദ്യാഭ്യാസ വകുപ്പിൽ അഴിമതിയെന്ന് പ്രിൻസിപ്പൽ സെക്രട്ടറി.' അങ്ങ് കണ്ടോ എന്ന് എനിക്കറിയില്ല. വാർത്ത മാത്രമല്ല. വിദ്യാഭ്യാസ വകുപ്പിൽ അഴിമതിയുണ്ടെന്ന് ഗവൺമെന്റ് സെക്രട്ടറിയുടെ കത്ത്. അഴിമതി സാധ്യതയുള്ള വകുപ്പുകൾ രൂപീകരിക്കുന്ന തലത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിൽ വരുന്ന മൂന്ന് വകുപ്പുകളിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കണമെന്നവശ്യപ്പെട്ട് മോസ്റ്റ് ഇമ്മീഡിയറ്റ് എന്ന തലക്കെട്ടിൽ പ്രിൻസിപ്പൽ സെക്രട്ടറി അയച്ച കത്തിലാണ് വകുപ്പിൽ അഴിമതിയുണ്ടെന്ന് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഡി.പി.ഐ. എന്നിവർക്കാണ് ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി കത്ത് അയച്ചിരിക്കുന്നത്. ആ കത്തിന്റെ കോപ്പി പത്രത്തിൽ വന്നിരിക്കുകയാണ്. ഇത് മന്ത്രി അറിഞ്ഞിട്ടാണോ എന്നറിയില്ല. അറിഞ്ഞിട്ടാണെങ്കിൽ മന്ത്രിയെ അഭിനന്ദിക്കുന്നു. മന്ത്രി അറിയാതെയാണെങ്കിൽ അങ്ങ്കൂടി ഇത് ശ്രദ്ധിക്കണം. ഇത് പറയാതിരിക്കാൻ പറ്റില്ല. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഏതായാലും വിദ്യാഭ്യാസ വകുപ്പിൽ അഴിമതി നടക്കുന്നുവെന്ന കണ്ടെത്തൽ ഉണ്ടായിരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സെൽ രൂപീകരിക്കാൻ തയ്യാറാവുകയും ചെയ്തത് ആര് ചെയ്താലും അത് നല്ല കാര്യമാണ്. പലപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടക്കുന്ന നിയമനങ്ങളിൽ വളരെ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതിന് ചില ആളുകൾ നേതൃത്വം നൽകുകയാണ്. അതാണോ അതിനെക്കാൾ വിപുലമായ കാര്യമാണോ എന്ന് എനിക്കറിയില്ല. ഏതായാലും അങ്ങനെ ഒരു നടപടി സ്വീകരിച്ചിരിക്കുന്നത് ആരുടെ ഭാഗത്തുനിന്നായാലും അഭിനന്ദനാർഹമായ കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ആറ് മാസം എന്നുള്ളത് മൂന്ന് മാസമായി മാറ്റുകയും അതിലൂടെ തെരഞ്ഞെടുപ്പ് നടത്താനുള്ള അങ്ങയുടെ വ്യക്തിപരമായ പ്രതിബദ്ധത വ്യക്തമാക്കാൻ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ ചർച്ച ചെയ്യുന്ന സർവ്വകലാശാലാ ഭേദഗതി ബിൽ പ്രധാനമായും സർക്കാർ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി സംബന്ധിച്ച് ഒരു എക്സ്റ്റൻഷൻ കൊടുക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ഇത് ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള അമന്റ്മെന്റ് ബിൽ മാത്രമാണ്. ഇതുസംബന്ധിച്ച് വളരെയേറെ എതിർപ്പുകളുടെയും ചർച്ചകളുടെയും ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഈ കഴിഞ്ഞ മാസങ്ങളിലായി പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചത് ഹൈസ്കൂളുകളും ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലുമായിരുന്നു. തീർച്ചയായും ഈ സർവ്വകലാശാല, വിദ്യാഭ്യാസത്തെ സംബന്ധിച്ച് വളരെയേറെ കാര്യങ്ങൾ ചെയ്യാൻകൂടി ഈ ഗവൺമെന്റ് വരുന്ന കാലയളവിൽ മുൻകൈയെടുക്കണം. ആ മംഗത്ത് പല പരിവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കണമെന്നുകൂടി ഈ വേളയിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർവ്വകലാശാലകളുടെ കാര്യക്ഷമതയെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതൊക്കെ ഏറെക്കുറെ വസ്തുതകളാണ്. കൃത്യസമയത്ത് പരീക്ഷകൾ നടത്താനോ കൃത്യസമയത്ത് ഫലം പ്രസിദ്ധീകരിക്കാനോ അതുപോലെ ഗവേഷണ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനോ സാധിക്കാത്ത വിധത്തിൽ വളരെയധികം വീഴ്ചകൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അതിൽ കോഴിക്കോട്, കേരള എന്ന വ്യത്യാസം ഇല്ല. പല വീഴ്ചകളും സംഭവിക്കാറുണ്ട്. ആ കാര്യത്തിൽ നിരാകരണ പ്രമേയം അവതരിപ്പിച്ച എന്റെ സ്നേഹിതൻ ശ്രീ. മത്തായി ചാക്കോ അവിടെ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ നേതൃത്വത്തിൽ നടന്ന ചില നിയമനങ്ങളെക്കുറിച്ച് പറഞ്ഞു. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ വേണമെന്നാണ് ആ പറഞ്ഞതിൽ അന്തർലീനമായിരിക്കുന്ന ആവശ്യം. അതേസമയം ഗവൺമെന്റിന്റെ നിയന്ത്രണങ്ങളെ എതിർക്കുകയും ഗവൺമെന്റിന്റെ ശ്രദ്ധക്കുറവുകൊണ്ട് സർവ്വകലാശാലകളിൽ കുഴപ്പങ്ങൾ നടക്കുന്നുവെന്നു പറയുകയും ചെയ്യുമ്പോൾ അതിൽ ഒരു വൈരുദ്ധ്യമുണ്ട്. അതുകൊണ്ട് സർക്കാരിന്റെ ഒരു ഇൻഡിഫറൻസ് അല്ലെങ്കിൽ എന്തെങ്കിലും ചെറിയ തോതിലുള്ള സർക്കാരിന്റെ നിയന്ത്രണം സർവ്വകലാശാലകളുടെമേൽ ആവശ്യമാണ് എന്ന് വ്യക്തമാക്കുന്ന ചർച്ചകളാണ് വാസ്തവത്തിൽ ഇവിടെ നടക്കുന്നത് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സർവ്വകലാശാലയിൽ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് .....

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. കെ. എൻ. എ. ഖാദറിന്റെ പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം വ്യക്തമായി. മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും വീണ്ടും പറയുന്നു, തെരഞ്ഞെടുപ്പ് ഉടനെയുണ്ടാകും അതുകൊണ്ട് ഒന്നും പേടിക്കണ്ട എന്ന്. ശ്രീ. കെ. എൻ. എ. ഖാദർ വാദിക്കുന്നു ഉണ്ടാകാനേ പാടില്ല, സർക്കാർ ഇടപെടണം എന്ന്. അതുകൊണ്ട് സർക്കാരിനുവേണ്ടി വഴങ്ങുന്ന നോമിനേറ്റഡ് സിൻഡിക്കേറ്റ് മാത്രം മതിയെന്ന മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദറിനെക്കൊണ്ട് പറയിപ്പിക്കുന്നത് ഗവൺമെന്റ് മുടിവയ്ക്കാൻ ശ്രമിക്കുന്ന പൂച്ച പുറത്തേക്ക് ചാടുന്നുവെന്നതല്ലേ. അതൊന്നു വ്യക്തമാക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ബിനോയ് വിശ്വം എന്റെ വാചകങ്ങൾക്ക് കൊടുത്ത ഒരു ദുർവ്യാഖ്യാനമാണത്. അങ്ങനെ യാതൊരർത്ഥവും ഞാൻ ഉദ്ദേശിച്ചില്ല. ഈ ബിൽ പാസ്സാക്കിക്കൊടുക്കണമെന്ന് ന്യായീകരിക്കാനാണ് ഞാൻ പറഞ്ഞത്. സർക്കാരിന്റെ ശ്രദ്ധ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ വേണമെന്നുള്ളത് ഞങ്ങളുടെ പാർട്ടിക്ക് മാത്രമല്ല കേരളത്തിലെ ചിന്തിക്കുന്ന എല്ലാവർക്കും അഭിപ്രായമുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ, പ്രത്യേകിച്ച് പ്രതിപക്ഷം എപ്പോഴും എല്ലാ കാര്യങ്ങളിലും സർക്കാരിന്റെ ഒരു മേൽക്കൈ വേണമെന്നു പറഞ്ഞ് വാദിക്കുന്നവരാണ്. സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ സർക്കാർ വേണം, വ്യവസായകാര്യങ്ങളിൽ വേണം. പക്ഷേ, സർവ്വകലാശാലകളിൽ മാത്രം സർക്കാരിന് യാതൊരു പങ്കും ഉണ്ടാകാൻ പാടില്ല എന്നു പറയുന്നത് എനിക്ക് തീരെ മനസ്സിലാകുന്നില്ല. ബാക്കി എല്ലാറ്റിനും സർക്കാർ ആവശ്യമാണ്. ഇതിൽ മാത്രം സർക്കാർ ഇടപെടാൻ പാടില്ല. അവിടത്തെ സ്വയംഭരണത്തെ ഞാൻ അനുകൂലിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് വേണം, സെനറ്റ് വേണം. എല്ലാ മണ്ഡലങ്ങളിലും വേഗം തെരഞ്ഞെടുപ്പ് നടത്തണം. കുറെ സ്ഥലങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നു. പക്ഷേ, അവിടെ തെരഞ്ഞെടുക്കപ്പെട്ടുവരുന്നത് പത്തോ പന്ത്രണ്ടോ ആളുകളാണ്. ഈ നിയമസഭയിൽ 320 ലക്ഷം ആളുകളെ പ്രതിനിധീകരിച്ച് 140 അംഗങ്ങളുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, തെരഞ്ഞെടുക്കുന്ന രീതികളുടെ ജനാധിപത്യ സ്വഭാവങ്ങളെ സംബന്ധിച്ച് ലീഗ് ഉൾപ്പെടെ അഭിമാനംകൊള്ളുന്നു എന്നുപറയുന്ന ഇതേ വകുപ്പ് കൈകാര്യം ചെയ്യുന്ന നിങ്ങളുടെ പാർട്ടിയുടെ ആളുകൾതന്നെയാണ് ജനാധിപത്യം തൊട്ടുതീണ്ടാത്ത നിലയിലുള്ള യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. ഇവ തമ്മിലുള്ള വൈരുദ്ധ്യത്തെ എങ്ങനെയാണ് ഐക്യജനാധിപത്യ മുന്നണി, പ്രത്യേകിച്ച് ലീഗ് വിശദീകരിക്കുന്നത്?

ശ്രീ. കെ. എൻ. എ. ഖാദർ: ഇടതുപക്ഷം അധികാരത്തിൽ വരുന്ന ഏതെങ്കിലും ഒരു കാലം ഉണ്ടെങ്കിൽ അന്ന് ഘടകകക്ഷികൾക്ക് കൊടുക്കാതെ വിദ്യാഭ്യാസ വകുപ്പ് മാർക്സിസ്റ്റ് പാർട്ടി കൈകാര്യം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അത് ചെയ്യാൻ

തയ്യാറാകണം. അപ്പോൾ ഈ പറഞ്ഞതൊക്കെ നിങ്ങൾക്ക് നടപ്പിലാക്കാമല്ലോ. നിങ്ങൾ ഇതൊന്നും ചെയ്യാൻ പോകുന്നില്ല. ഇതൊക്കെ നടപ്പിലാക്കാൻ പല തവണ അധികാരത്തിൽ വരാൻ അവസരമുണ്ടായിട്ടും മുസ്ലീംലീഗിനെപ്പറ്റിയും ഘടകകക്ഷികളെപ്പറ്റിയും വർത്തമാനം പറയുന്നതല്ലാതെ എന്തുകൊണ്ടാണ് മാർക്സിസ്റ്റ് പാർട്ടിയെപ്പോലുള്ള ഒരു പ്രധാന പാർട്ടി ഇതുവരെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യാൻ ശ്രമിക്കാത്തത് എന്ന മറുചോദ്യം ചോദിക്കുകയാണ്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ സ്വയംഭരണാവകാശം വേണം, ആട്ടോണമി വേണം എന്നു പറയുന്നത് ഒരു നല്ല കാര്യമാണ്. പക്ഷേ, അനിയന്ത്രിതമായ ആട്ടോണമിയല്ല, ജനാധിപത്യമാണ്. ജനാധിപത്യമെന്നു പറഞ്ഞാൽ അനാർക്കി അല്ല. ജനാധിപത്യത്തിന് അതിന്റേതായിട്ടുള്ള പരിമിതികളുണ്ട്. അത് അനാർക്കിസം ആകാൻ പാടില്ല. നമ്മുടെ രാജ്യത്ത് നിർഭാഗ്യവശാൽ കണ്ടുവരുന്നത് ജനാധിപത്യത്തിന്റെ പേരിലുള്ള അരാജകത്വമാണ്. അതിനെ ജനാധിപത്യമായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളെ ഞാൻ ഒരിക്കലും അനുകൂലിക്കുകയില്ല. സർവ്വകലാശാലകൾക്ക് സ്വയംഭരണാവകാശം വേണം. യാതൊരു സംശയവുമില്ല. പക്ഷേ, ഇവിടെ തെരഞ്ഞെടുക്കപ്പെട്ട് വരുന്നവരെക്കാൾ എത്രയോ അധികം ആളുകൾ, ശ്രീ. മത്തായി ചാക്കോ, ശ്രീ. ബിനോയ് വിശ്വം, ശ്രീ. കെ. പി. രാജേന്ദ്രൻ ഉൾപ്പെടെയുള്ള, എല്ലാവരേയുംപോലെ പ്രമാണിമാരായിട്ടുള്ള അംഗങ്ങൾ ഇവിടെയുണ്ട്. ജനാധിപത്യബോധമുള്ളവരുണ്ട്, എൻജിനീയർമാരുണ്ട്, അഭിഭാഷകന്മാരുണ്ട്, വിദ്യാഭ്യാസ വിചക്ഷണന്മാരുണ്ട്, ഡോക്ടർമാരുണ്ട്. നമുക്ക് ഈ സർവ്വകലാശാലയുടെ കാര്യത്തിൽ അഭിപ്രായം പറയാനുള്ള യോഗ്യതയും കഴിവും ഇല്ലേ? ആ പതിനൊന്ന് ആളുകൾക്കാണ് ഇതിനെക്കാൾ വലിയ യോഗ്യത എന്ന അഭിപ്രായം എനിക്കില്ല എന്ന ഞാൻ പറഞ്ഞുള്ളു. ഏത് സർവ്വകലാശാലയുടെയും മേൽ സൂപ്പർവൈസറിയായി മേൽനോട്ടം വഹിക്കുന്നതും നിയന്ത്രിക്കാൻ സാധിക്കുന്ന തരത്തിലുള്ളതുമായ ഒരു കൈ ഏത് ഗവൺമെന്റിന്റെ കാലത്തും ഉണ്ടാകേണ്ടത് വാസ്തവത്തിൽ ആവശ്യമായിട്ടുള്ള ഒരു സംഗതിയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: നമ്മൾ ആദ്യം ഇവിടെ പാസ്സാക്കിയിട്ടുള്ള കേരള യൂണിവേഴ്സിറ്റി ബിൽ ഉണ്ട്. പിന്നീട് കാലിക്കട്ട് യൂണിവേഴ്സിറ്റി വന്നു, കണ്ണൂർ യൂണിവേഴ്സിറ്റി വന്നു. ഇന്നലെയുള്ളത് കൂടാതെയാണ് ഞാൻ പറയുന്നത്, ഈ ബില്ലുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടല്ലോ; ആ രീതിയിൽത്തന്നെയല്ല എല്ലാ തെരഞ്ഞെടുപ്പും നടത്തേണ്ടത്? ഗവൺമെന്റിന്റെ എക്സ് ഒഫിഷ്യോ ഉദ്യോഗസ്ഥർ ഉണ്ടാകും. മന്ത്രിമാർ പ്രോ-ചാൻസലറായിട്ടും വരും. അപ്പോൾ നമുക്ക് അതിൽ ഇടപെടാനും അഭിപ്രായങ്ങൾ പറയാനും ഗവൺമെന്റിന്റെ വ്യൂസ് അവതരിപ്പിക്കാനും എല്ലാം അവസരം ഉണ്ടാകും. മറിച്ച്, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റാക്കി മാറ്റുന്നതുകൊണ്ടല്ലേ സ്വയംഭരണം നഷ്ടപ്പെടുമെന്ന് ഞങ്ങൾ പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: സ്വയംഭരണത്തിൽ ഞങ്ങൾ വളരെ അനുകൂലമാണ്. പക്ഷേ അനിയന്ത്രിതമായ സ്വയംഭരണം എന്നുള്ള കൺസെപ്റ്റ് ശരിയല്ല എന്നാണ് ഞാൻ പറയുന്നത്. മറ്റ് പല രാജ്യങ്ങളും പരിശോധിച്ചാൽ ഇത്രയും സ്വയംഭരണവും ആനുകൂല്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുത്തതായി കാണാൻ സാധിക്കുകയില്ല. വിദ്യാഭ്യാസരംഗത്ത് ഗവേഷണം നടത്തുന്നതിനും പ്രധാനപ്പെട്ട പല മാറ്റങ്ങളും വരുത്തുന്നതിനും ജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിനുംവേണ്ടി നിർദ്ദേശിക്കപ്പെട്ട ഒരുപാട് പദ്ധതികൾ നിറവേറ്റാൻ ചുമതലയുള്ള മഹത്തായ ഒരു സ്ഥാപനമാണ് സർവ്വകലാശാല. പക്ഷേ, ആ സർവ്വകലാശാല അത്തരത്തിൽ ഉയരുന്നുണ്ടോ; അവരുടെ ചുമതല കൃത്യമായി നിറവേറ്റുന്നുണ്ടോ; ഗവേഷണം നടത്തുന്നുണ്ടോ? കോഴിക്കോട് സർവ്വകലാശാലയിൽനിന്ന് ഒരുപാട് ചരിത്രഗ്രന്ഥങ്ങളും സ്മാരകങ്ങളും ഒക്കെ നഷ്ടപ്പെട്ട സാഹചര്യമുണ്ടായി. അതിനെ സംബന്ധിച്ച് അടുത്തകാലത്ത് ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചതാണ്. ഇതൊക്കെ വളരെ നിർഭാഗ്യകരമായ സാഹചര്യങ്ങളാണ്. വിദ്യാഭ്യാസരംഗത്ത് നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ ആധുനികലോകത്തിന്റെ ആവശ്യങ്ങളെ സംതൃപ്തമാക്കാൻ പറ്റുന്ന രീതിയിലുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെയും പൗരന്മാരെയും വളർത്തിക്കൊണ്ടുവരുന്നതിൽ നമ്മുടെ സർവ്വകലാശാലകൾ പ്രയോജനപ്പെട്ടിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്? നമ്മുടെ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി വിദേശ സർവ്വകലാശാലകൾ തേടി പോകുന്നുവെന്ന് പലപ്പോഴും ഈ സഭയിൽത്തന്നെ ചർച്ച ചെയ്യപ്പെടാറുണ്ട്. ശാസ്ത്രീയമായ പുതിയ പുതിയ കോഴ്സുകൾ തേടിപ്പോകുന്നു. ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾ തൃപ്തമാക്കുന്ന തരത്തിലുള്ള ആധുനികമായ പല കോഴ്സുകളും ഇവിടെ ആരംഭിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് ഇവിടെ സംസാരിച്ചു. സയൻസ് ആന്റ് ടെക്നോളജി ഇത്രമേൽ അത്ഭുതകരമായ വികാസം സാധിച്ച ഈ കാലഘട്ടത്തിലും ആ നിലവാരത്തിൽ നമ്മുടെ നാടിനെ ഉയർത്താനും ചെറുപ്പക്കാരെയും പൗരന്മാരെയും വളർത്തിയെടുക്കാനും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയുന്നുണ്ടോ? അതിൽ സർവ്വകലാശാലകൾക്ക് പങ്കില്ലേ? ഈ വക കാര്യങ്ങൾ ഇവിടെ പ്രസക്തമായതുകൊണ്ട് ഞാൻ ഇക്കൂട്ടത്തിൽ പറഞ്ഞു എന്നേയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട മത്തായി ചാക്കോ ഉൾപ്പെടെ പലരും സംസാരിച്ചപ്പോൾ പറഞ്ഞു, ഈ ബില്ലിൽ കാര്യമായി ഒന്നുമില്ല എന്നൊക്കെ. പ്രതിപക്ഷമാകുമ്പോൾ പ്രതിപക്ഷത്തിന്റേതായിട്ടുള്ള രീതിയും ടുണും ഉണ്ടാകും. ഈ ബില്ലിൽ ഇപ്പോൾ ഒന്നുമില്ല, നിസ്സാരമായ കാര്യമാണ്. കാലാവധി അവസാനിച്ചുപോകും; അതുകൊണ്ട് ഈ ഓർഡിനൻസ് ഒന്ന് റീപ്ലേയ്സ് ചെയ്യണം എന്നൊക്കെ പറഞ്ഞു. അടുത്ത തെരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ ഈ സിൻഡിക്കേറ്റിനെ തുടരാൻ അനുവദിക്കണമെന്ന ഒരു മിനിമം ആവശ്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി ഇതുവഴി ഉയർത്തിയിരിക്കുന്നത്. ആ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും അഴിമതിയെപ്പറ്റി പറയുകയും ചെയ്യുകയാണോ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത്? പറയേണ്ട എന്നല്ല പറയുന്നത്. നോമിനേറ്റഡ് സിൻഡിക്കേറ്റ് വരുന്നതിനു മുമ്പ് കോഴിക്കോട് സർവ്വകലാശാലയിൽ കുറെ നിയമനങ്ങൾ നടന്നിട്ടുണ്ട്. ആ നിയമനങ്ങളെക്കുറിച്ചൊക്കെ ധാരാളം പത്രവാർത്തകളുണ്ടായി. ബഹുമാനപ്പെട്ട മത്തായി ചാക്കോ സിൻഡിക്കേറ്റ് മെമ്പറായിരുന്നു. അങ്ങനെയുള്ള ആക്ഷേപങ്ങൾ അന്നും നാട്ടിലുണ്ടായിരുന്നു. എന്തുവന്നാലും തെറ്റായ രീതിയിൽത്തന്നെ പറയണമെന്ന് പ്രതിപക്ഷം നിർബന്ധം പിടിക്കുന്നതിൽ അർത്ഥമില്ല. ഇത് ഞാൻ പറയുമ്പോൾ മുല്ല നസറുദ്ദീന്റെ ഒരു കഥ ഓർമ്മവരുകയാണ്. മുല്ല നസറുദ്ദീന്റെ കുട്ടി സ്കൂളിൽനിന്ന് വളരെ വൈകി വന്നു. അവൻ വന്നയുടൻ അയാൾ കയറിപ്പിടിച്ച് രണ്ട് അടി അടിച്ചു. പിറ്റേദിവസം കുട്ടി സമയത്ത് വന്നു. പക്ഷേ, കുട്ടിയുടെ ഡ്രസ്സ് എല്ലാം വളരെ മുഷിഞ്ഞ് വൃത്തികേടായിരുന്നു. അന്നും വന്നുകയറിയ ഉടൻ കുട്ടിയെ കയറിപ്പിടിച്ച് രണ്ട് അടി അടിച്ചു. അടുത്ത ദിവസം കുട്ടി സമയത്ത് വന്നു. ഡ്രസ്സ് വൃത്തികേടാക്കിയിട്ടുമില്ലായിരുന്നു. പക്ഷേ, അന്ന് പരീക്ഷയുടെ മാർക്ക് നോക്കുമ്പോൾ വളരെ കുറവാണ്. അന്നും രണ്ട് അടി അടിച്ചു. കുട്ടി കരഞ്ഞു. നാലാമത്തെ ദിവസം കുട്ടി കൃത്യസമയത്ത് വന്നു, വസ്ത്രത്തിൽ അഴുക്കില്ല, നല്ല മാർക്കും വാങ്ങിയിട്ടുണ്ടായിരുന്നു. അന്നും അയാൾ കുട്ടിയെ അടിച്ചു. അപ്പോൾ കുട്ടി ചോദിച്ചു എന്താണ് അച്ഛാ ഇത്, ഞാൻ ഡ്രസ്സ് വൃത്തികേടാക്കിയിട്ടില്ല, സമയത്ത് വന്നു, നല്ല മാർക്കും വാങ്ങി. പിന്നെ എന്തിനാണ് തല്ലിയത്? ലോകത്ത് നീതിയില്ല എന്ന പാഠം ഇതിൽ നിന്ന് പഠിക്കട്ടെ എന്നു കരുതിയാണ് എന്ന് പറഞ്ഞു. എന്തുവന്നാലും ഇങ്ങനെയേ പെരുമാറുകയുള്ളു എന്നു പറഞ്ഞാൽ എന്തു ചെയ്യും? എല്ലാത്തിലും ആക്ഷേപം പറയുന്നത് ശരിയല്ല. ലോകത്ത് പല സാഹിത്യകാരന്മാരും ശാസ്ത്രജ്ഞന്മാരും സർവ്വകലാശാലകളിൽനിന്ന് ഉയർന്നുവരുന്നു. നമ്മുടെ സർവ്വകലാശാലകൾക്ക് എത്ര സാഹിത്യകാരന്മാരെയും ശാസ്ത്രജ്ഞന്മാരെയും ഉന്നതന്മാരെയും വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്? ഡോക്ടർമാർ കുറെ വന്നിട്ടുണ്ട്. ആ ഡോകടർമാർ തയ്യാറാക്കുന്ന പ്രബന്ധങ്ങൾ തീസിസിന് വച്ചാൽ പിന്നെ ഒരിക്കലും ആരും വായിക്കില്ല. പിന്നെ അടുത്ത് ഒരു ഡോക്ടറേറ്റ് എടുക്കുന്ന സമയത്താണ് പഴയ ആളുടെ പ്രബന്ധം ഒന്ന് മറിച്ചുനോക്കുന്നത്. അല്ലാതെ തീസിസ് ആരും കാണാറില്ല. മിലാൻ കുന്തയെയോ മിസ്നാരി കബാബത്തെയോ ടോൾസ്റ്റോയിയെയോപോലെ പ്രമാണിമാരായിട്ടുള്ള ആരെങ്കിലും ഏതെങ്കിലും സർവ്വകലാശാലകളിൽനിന്നും വളർന്നുവന്നിട്ടുണ്ടോ? എന്തുകൊണ്ടാണ് വരാത്തത്? അത് സർവ്വകലാശാലയുടെ പ്രശ്നമല്ലേ? കേരളം ഹൈലി എഡ്യൂക്കേറ്റഡാണ്. എപ്പോഴും എല്ലാവരും പറയുന്ന കാര്യമാണ് ഇന്ത്യയിൽത്തന്നെ ഏറ്റവും വിദ്യാസമ്പന്നരായവർ കേരളീയരാണെന്ന്. പക്ഷേ, വിദ്യാസമ്പന്നരായ കേരളീയർ ജീവിക്കുന്ന കേരളത്തിൽ എന്തെല്ലാം പ്രശ്നങ്ങളാണ്? മാഫിയ സംഘങ്ങളുണ്ട്. ക്രിമിനൽ കുറ്റവാളികൾ ഉണ്ട്. അത് ഏത് മരണകാലത്ത് എന്നുള്ളതല്ല. അത് വളർന്നുവരികയാണ്. ക്രിമിനൽ സംഘങ്ങളും മാഫിയ സംഘങ്ങളും മദ്യഷാപ്പുകളും വളർന്നുവരികയാണ്. മയക്കുമരുന്ന് ഉപയോഗംകൂടി വരികയാണ്.

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

എന്ത് നിർഭാഗ്യകരമായ സംഭവങ്ങളാണ്. വിദ്യാസമ്പന്നരുടെ നാടായ കേരളത്തിൽ അടുത്തകാലത്ത് ഉണ്ടായിട്ടുള്ളത്? 74 വയസ്സായ വൃദ്ധയെ തിരുവനന്തപുരം ജില്ലയിൽ ബലാൽസംഗം ചെയ്യുകയും ആ വൃദ്ധ മരിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടില്ലേ? രണ്ട് വയസ്സായ കുഞ്ഞിനെയും ഒരു വയസ്സായ കുഞ്ഞിനെയും 8 മാസം പ്രായമുള്ള കുഞ്ഞിനെയും മാനഭംഗപ്പെടുത്തിയ സെബാസ്റ്റ്യനെപ്പോലുള്ളവരുള്ള ഒരു സംസ്ഥാനം കൂടിയാണ് കേരളം എന്ന് വിസ്മരിക്കാൻ പാടുണ്ടോ? ഇത് ഒരു ഗവൺമെന്റിന്റെ പ്രശ്നമല്ല. ശ്രീ. ഉമ്മൻചാണ്ടി സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേ ദിവസമല്ല സെബാസ്റ്റ്യൻ കൊലപാതകം തുടങ്ങിയത്. അത് പറഞ്ഞിട്ടുകാര്യമില്ല. ഇതൊക്കെ വളർന്നുവരികയാണ്. സാംസ്കാരികമായിട്ടുള്ള മൂല്യച്യുതി എന്തുകൊണ്ട് സംഭവിക്കുന്നു? Education is not civilisation. എഡ്യൂക്കേഷൻ എന്നു പറയുന്നത് സംസ്കാരം അല്ല. അതുകൊണ്ട് നമ്മുടെ ആത്മഹത്യകൾ തടയാൻ സാധിക്കുന്നില്ല. മദ്യഷാപ്പുകൾ നിർത്തലാക്കാൻ സാധിക്കുന്നില്ല. ആളുകളെ നല്ല പൗരൻമാരാക്കി വളർത്തിയെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മളെപ്പോലെ സർവ്വകലാശാലകൾക്കും ഇതിൽ പങ്കില്ലെന്ന് പറയാൻ പറ്റില്ല. അങ്ങനെയൊക്കെ നോക്കിയാൽ എന്തുവന്നാലും ഇങ്ങനെയൊക്കെ പറയണമെന്നുള്ള കാര്യം വേണ്ട. മുല്ലാ നസറുദ്ദീന്റെ തന്നെ വേറൊരു കഥ കൂടിയുണ്ട്. ചെറിയ കഥയാണ്. പ്രതിപക്ഷത്തിന് എന്തുവന്നാലും ഗവൺമെന്റിനെ എതിർക്കണം. മുസ്ലീം ലീഗിനെ എതിർക്കണം. അതിന് ഇങ്ങനെ പറഞ്ഞേ തീരുവെന്ന് വ്രതം അനുഷ്ഠിക്കേണ്ട കാര്യമില്ല. ഒരു ദിവസം മുല്ലാ നസറുദ്ദീൻ ടൗണിൽക്കൂടി പോകുകയായിരുന്നു. അദ്ദേഹം വളരെ വേദന സഹിച്ച് കഷ്ടപ്പെട്ടാണ് പോകുന്നത്. അങ്ങനെ പോകുന്നതു കണ്ടപ്പോൾ ആളുകൾ ചോദിച്ചു. അങ്ങ് എന്താണ് ഇങ്ങനെ കരഞ്ഞുകൊണ്ട് പോകുന്നത്? അപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ ഷൂവിന് തീരെ വലിപ്പം ഇല്ല. വിരൽ തട്ടി ചോര വരികയാണ്. അങ്ങനെയാണെങ്കിൽ ആ ഷൂ ഉപേക്ഷിച്ചുകൂടെ എന്നു ചോദിച്ചു. ഉപേക്ഷിക്കാൻ പറ്റില്ല; ഈ ഷൂ വീട്ടിൽ ചെന്ന് ഊരുമ്പോഴുള്ള ഒരു സുഖമുണ്ട്. അത് കിട്ടണമെങ്കിൽ ഇത് ഇടുകതന്നെ വേണം. ഇത് ഇട്ടു എങ്കിൽ മാത്രമേ ആ സുഖം കിട്ടുകയുള്ളൂ എന്നു പറഞ്ഞതുപോലെയാണ്, ഇത് പറഞ്ഞെങ്കിൽ മാത്രമേ അതിന് ഒരു സുഖം കിട്ടുകയുള്ളൂ എന്ന അർത്ഥത്തിൽ ഞാൻ ഉൾക്കൊള്ളാം. സാധാരണ ചെറുപ്പക്കാരിൽ എല്ലാവർക്കും സർവ്വകലാശാലയിൽ നല്ല മനുഷ്യരാക്കി നല്ല വിദ്യാഭ്യാസം കൊടുക്കാനൊന്നും പറ്റില്ല. പക്ഷേ, നല്ല മനുഷ്യരാക്കാൻ സാധിക്കുന്ന മാർഗ്ഗദർശനം നൽകാൻ വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയും. ആ നിരീക്ഷണപാടവം (observing capacity) ഉണ്ടായിരിക്കണം. ഞാൻ ജനിച്ചുവളർന്ന മുമി എന്താണ്? ഈ പ്രപഞ്ചം എന്താണ്; മനുഷ്യർ എന്താണ്; ചുറ്റുപാട് എന്താണ്. എന്നൊക്കെ ചിന്തിക്കാൻ ആവശ്യമായിട്ടുള്ള മാനസികനിലയെങ്കിലും മനുഷ്യന് ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കണം. കുമാരനാശാന്റെ വീണപൂവിൽ,

LIBRARY ARCHIVES Kerala Legislative Assembly

" അഹാ! രചിച്ചു ചെറു ലൂതകളാശു നിന്റെ
ദേഹത്തിനെകി ചരമാവരണം ദുകൂലം"

എന്ന് പറയുന്നുണ്ട്, ലൂത എന്നു പറയുന്നത് ചെറിയ എട്ടുകാലിയാണ്. ഈ വീണ് കിടന്ന പൂവിന് മീതെ വല നെയ്തതിനെക്കുറിച്ചാണ് പറയുന്നത്.

"സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിൻമേൽ
നീഹാര ശീകര മനോഹരമന്തൃഹാരം"

ഒരു ശവത്തിന്റെമേൽ കൊടിവസ്ത്രം ഇട്ടതുപോലെ തോന്നി. അതിന്റെ മേൽ കണ്ണുനീർ തുള്ളികൾപോലെ മഞ്ഞുതുള്ളികളും. ആ കവി എത്ര കണ്ട് നിരീക്ഷിച്ചാലാണ് ഇങ്ങനെ ഒരു കാവ്യം രചിക്കാൻ സാധിക്കുക? മുല്ലാ നസറുദ്ദീന്റെ മുന്നാമത്തെ ഒരു കഥയുണ്ട്. അത് ഒരു നിരീക്ഷണ പാടവത്തെക്കുറിച്ചാണ്. അദ്ദേഹത്തിന് ഭാര്യയോട് വലിയ ഇഷ്ടമായിരുന്നു. അദ്ദേഹം ഭാര്യ പറയുന്നതൊക്കെ കേൾക്കും. ഭാര്യ വീട്ടിൽ എന്തോ തുന്നിക്കൊണ്ടിരിക്കെ ഒരു ദിവസം വീട്ടിൽ രണ്ട് പൂമ്പാറ്റകൾ പാറിപ്പറന്ന് നടക്കുന്നത് കണ്ട് അവർ പറഞ്ഞു; ഈ ചിത്രശലഭം എന്ത് മനോഹരമാണ്. എനിക്ക് അവയെ പിടിച്ചുതരണം എന്ന്. അങ്ങനെ പറഞ്ഞപ്പോൾത്തന്നെ അവയെ പിടിക്കാനായി അദ്ദേഹം അതിന്റെ പിറകെ ഓടി. കഷ്ടപ്പെട്ട് അര മണിക്കൂർ കഴിഞ്ഞപ്പോൾ പിത്രശലഭത്തെ കൊണ്ടുവന്നുകൊടുത്തു. ഭാര്യയെ ഏൽപ്പിക്കുമ്പോൾ അദ്ദേഹം പറഞ്ഞു അവസാനം പിടികിട്ടി, ഒന്ന് ആണും ഒന്ന് പെണ്ണും എന്ന്. ഒന്ന് ആണും ഒന്ന് പെണ്ണും എന്ന് എങ്ങനെ പിടികിട്ടിയെന്ന് ഭാര്യ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു ഒന്ന് കണ്ണാടിയിലും മറ്റേത് ന്യൂസ്പേപ്പറിലും ഇരിക്കുകയായിരുന്നു എന്ന്. ശാസ്ത്രീയമായി ശരിയാണോ തെറ്റാണോ എന്നുള്ളതല്ല. ചുറ്റുപാടുകളെക്കുറിച്ച് മനുഷ്യ ബന്ധങ്ങളെക്കുറിച്ച് ഒരു നിരീക്ഷണ പാടവം കൈവരുന്ന തരത്തിൽ, മനുഷ്യരായി ആളുകളെ വളർത്താൻ കഴിയുന്ന തരത്തിൽ സർവ്വകലാശാലകൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ഇതൊക്കെ ചെയ്തുതീർക്കാൻ സാധ്യമാകുന്ന തരത്തിൽ സർവ്വകലാശാലകളുടെ ഇന്നത്തെ പ്രവർത്തനത്തിൽ മാറ്റം വരുത്തുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കാണിക്കുന്ന താൽപര്യമാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. അതുപോലെതന്നെ കേരള സർവ്വകലാശാലാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 6 മാസക്കാലം എക്സ്റ്റെൻഷൻ കൊടുത്ത ഒരു സിന്റിക്കേറ്റിനെക്കൊണ്ട് എല്ലാം നഷ്ടമായിപ്പോകും എന്നുള്ള സാഹചര്യം ആരും കരുതേണ്ട. ഇത്രമാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട ഖാദറിന്റെ പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം നടപ്പാക്കിയാൽ കൊള്ളാം എന്ന് എനിക്ക് തോന്നുകയാണ്. ശ്രീ. ഖാദറെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനാധിപത്യ സമിതികൾ വേണ്ട എന്ന അഭിപ്രായക്കാരനാണ്. ശ്രീ. ഖാദറിന്റെ മണ്ഡലം കൊണ്ടോട്ടിയാണ്. ശ്രീ. ഖാദറിന്റെ മണ്ഡലത്തിൽനിന്നും ഭൂരിപക്ഷം ജനങ്ങളും വോട്ട് ചെയ്തതുകൊണ്ട് ഇവിടെ അസംബ്ലിയിൽ വന്നു. ശ്രീ. ഖാദറെ പിരിച്ചുവിടുന്നു. ശ്രീ. കൊണ്ടോട്ടി വഹാബിനെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നു. കൊണ്ടോട്ടിയിലും മുസ്ലീം ലീഗിലെ വോട്ടർമാർ പിൻതുണയ്ക്കുമോ? ശ്രീ. ഖാദറിന്റെ കൂടെ ഉണ്ടാകില്ല. ശ്രീ. വഹാബിന്റെ കൂടെ കുറച്ച് ആളുകൾ ഉണ്ട്. പക്ഷേ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭയെ ഭയപ്പെടുന്നതാണ് ശ്രീ. ഖാദറിന്റെ പാർട്ടിക്കും യു.ഡി.എഫ്.-നും പറ്റിയ അപകടം. എന്തിനാണ് നിങ്ങൾ തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നത്?

ശ്രീ. തമ്പാനൂർ രവി: കഴിഞ്ഞ ഒരാഴ്ചയായി സഭയ്ക്കകത്ത് നിങ്ങൾ ഇങ്ങനെ ഭയമാണെന്ന് പറയുകയാണ്. ഞങ്ങൾക്ക് ഭയമില്ല. യു.ഡി.എഫ്. എന്തും നേരിടാൻ തയ്യാറാണ്. വെറുതെ കണ്ണടച്ച് ഇരുട്ടാക്കരുത്.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. തമ്പാനൂർ രവി ഒരു കാര്യം ചെയ്താൽ മതി, നെയ്യാറ്റിൻകരയിൽനിന്ന് രാജി വയ്ക്കേണ്ട. ഇന്ന് രാവിലെ എട്ട് മണിക്ക് രാഹുകാലം നോക്കി രാജിവച്ച ശ്രീ. വി. സി. കബീർ മാസ്റ്ററുടെയും ഒറ്റപ്പാലം ഉൾപ്പടെയുള്ള 11 നിയമസഭാ മണ്ഡലങ്ങളിൽ അടുത്ത മാസം തെരഞ്ഞെടുപ്പ് നടത്താൻ ശുപാർശ ചെയ്തുകൊണ്ടുള്ള കൃാബിനറ്റ് തീരുമാനമെടുത്ത മുഖ്യമന്ത്രിയുടെയും ഗ്രൂപ്പുകാരനും മുഖ്യമന്ത്രിയുടെ അടുത്ത ആളുമാണല്ലോ ശ്രീ. തമ്പാനൂർ രവി. അടുത്ത മാസം നിശ്ചിത ദിവസം 11 നിയമസഭാ മണ്ഡലങ്ങളിലേക്കും തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിന്റെ കൂടെ തെരഞ്ഞെടുപ്പ് നടത്താൻ കേന്ദ്രത്തിൽ നിവേദനം കൊടുക്കുമെങ്കിലേ ജനങ്ങളുടെ പിൻതുണയും ജനവിധിയും എന്തെന്ന് തിരിച്ചറിയുകയുള്ളൂ.

ശ്രീ. തമ്പാനൂർ രവി: തെരഞ്ഞെടുപ്പ് തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. തെരഞ്ഞെടുപ്പ് കമ്മീഷൻ എന്ത് തീരുമാനിച്ചാലും അത് നേരിടാൻ യു.ഡി.എഫ്. തയ്യാറാണ്. മാത്രമല്ല, ഇപ്പോൾ കബീർ മാഷ് വന്നു, ഇനിയും അവിടെനിന്ന് പലരും ഇപ്പുറത്തേക്ക് വരുമെന്ന കാര്യംകൂടി ശ്രീ. ജയരാജന്റെ മനസ്സിൽ ഉണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ: ഇവിടെ നിന്ന് വരുന്നവരെയെല്ലാം നിങ്ങൾ കൂട്ടിക്കോ. അങ്ങനെ കൂട്ടിയിട്ടും ഒരു മണ്ഡലത്തിലേക്ക് തെരഞ്ഞെടുപ്പ് നടത്താമെന്ന്, ഇപ്പോൾ ഇലക്ഷൻ കമ്മീഷൻ അവരുടെ നിയമമനുസരിച്ച് തെരഞ്ഞെടുപ്പ് നടത്താൻ നിശ്ചയിച്ച സമയം ഇല്ലാത്തതുകൊണ്ട് കമ്മീഷൻ തീരുമാനിക്കില്ല. അത് ശ്രീ. തമ്പാനൂർ രവിക്കും അറിയാം; എനിക്കും അറിയാം. പക്ഷേ കൃാബിനറ്റ് തീരുമാനിച്ച് കേന്ദ്രത്തോട് ആവശ്യപ്പെട്ടാൽ അവർ തെരഞ്ഞെടുപ്പ് നടത്തും; അതിന് വ്യവസ്ഥയുണ്ട്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly.

കേരളത്തിലെ മന്ത്രിസഭായോഗം തീരുമാനിച്ച് തെരഞ്ഞെടുപ്പ് നടത്തണമെന്നു പറയാൻ അങ്ങ് തയ്യാറുണ്ടോ? അതാണ് അറിയേണ്ടത്. അങ്ങ് ഉണ്ടെങ്കിൽ ഒരു തർക്കവും വേണ്ട അങ്ങയുടെ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ബഹുമാനപ്പെട്ട ചെയറിന്റെ നിയോജക മണ്ഡലത്തിന് തൊട്ടടുത്താണ് എന്നുള്ളതുകൊണ്ട് നെയ്യാറ്റിൻകരയിൽ ഉപതെരഞ്ഞെടുപ്പ് നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. എം. എം. ഹസ്സൻ: താങ്കൾ പറയുന്നത് കേട്ടാൽ തോന്നും ഇവിടെ ഇരിക്കുന്നവർക്കെല്ലാം തെരഞ്ഞെടുപ്പിനെ ഭയമാണെന്ന്. ഞങ്ങളും അങ്ങയെപ്പോലെ തെരഞ്ഞെടുപ്പിലൂടെ വന്നവരാണ്. ഓട് പൊളിച്ച് ഇറങ്ങി വന്നവരല്ല. അതു മാത്രമല്ല, പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ തിരുവനന്തപുരത്ത് പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ പാടില്ല എന്ന് ഇലക്ഷൻ കമ്മീഷൻ പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എപ്പോൾ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് പറഞ്ഞാലും ഞങ്ങൾ നേരിടാൻ തയ്യാറാണ്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട ഹസ്സൻ ഇപ്പോൾ ഓട് പൊളിച്ചു വന്നതല്ല. പക്ഷേ തിരുവനന്തപുരം പാർലമെന്റ് തെരഞ്ഞെടുപ്പ്, പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ് സാവകാശം മതി. സാവകാശത്തിൽ നടത്തുമ്പോൾ അങ്ങ് കായംകുളത്തുനിന്ന് തിരുവനന്തപുരത്ത് മൽസരിച്ചാൽ ഓട് പൊളിച്ചിട്ടേ പാർലമെന്റിൽ എത്താൻ കഴിയൂ.

ശ്രീ. എം. എം. ഹസ്സൻ: എം.എൽ.എ. മാർ ആയിരിക്കുന്നവരെ ലോക്സഭയിലേക്ക് മത്സരിക്കാൻ ഞങ്ങളുടെ പാർട്ടി സാധാരണ പറയാറില്ല. നിങ്ങളുടെ പാർട്ടിയിൽ ഉണ്ടാകുമായിരിക്കും. പക്ഷേ പാർട്ടി തീരുമാനിച്ചാൽ അതിനും തയ്യാറാണ്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട ഹസ്സന് മാർമ്മയില്ലാത്തതു കൊണ്ടാണ്. ശ്രീ. ജോർജ്ജ് ഈഡൻ എം.എൽ.എ. ആയിരുന്നു. രാജി വയ്പിച്ചിട്ടാണ് എറണാകുളത്ത് മൽസരിപ്പിച്ചത്. എന്നിട്ടാണ് അദ്ദേഹം പാർലമെന്റിലേക്ക് പോയത്. അതുകൊണ്ട് ബഹുമാനപ്പെട്ട ഹസ്സനും ആ വഴി തേടാം. ശ്രീ. ഹസ്സൻ ആ വഴി തേടിയാൽ ഒരു കാര്യമേയുള്ളൂ, ഓട് പൊളിച്ചു മാത്രമേ പാർലമെന്റിൽ പോകാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഭരണകക്ഷി അംഗങ്ങൾ ഞങ്ങൾക്ക് യാതൊരു ഭയവുമില്ല എന്ന് പറയും. ഭയമുള്ളവരാരും എനിക്ക് ഭയമുണ്ടെന്ന് തുറന്ന് പറയാറില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ള തെരഞ്ഞെടുപ്പിൽ ഒന്നിൽപോലും ജയിക്കാൻ കഴിയാത്ത നിങ്ങളെ സംബന്ധിച്ചിടത്തോളം ഭയമുള്ളതുകൊണ്ടാണ് സ്ഥിരമായി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: ദീർഘകാലം ഇടതുപക്ഷത്ത് പ്രവർത്തിച്ച കബീർ മാഷ് അവിശ്വാസ പ്രമേയത്തിലൂടെ കൊണ്ടുവന്ന വിവരങ്ങളറിഞ്ഞപ്പോൾ ഈ വികസന വിരുദ്ധ നീക്കവുമായി ഇടതുപക്ഷം ഇങ്ങനെ പോയാൽ ഇനിയൊരിക്കലും തിരിച്ചുവരാൻ കഴിയില്ല എന്ന് മനസ്സിലാക്കിക്കൊണ്ടാണ് രാജിവച്ച് ഇങ്ങോട്ട് വന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട കബീർ മാഷ് രാജിവയ്ക്കാൻ പോയപ്പോൾ ഒരൊറ്റയാളും കൂടെയുണ്ടായിരുന്നില്ല. കബീർ മാഷിനെ അധികം നമ്പാൻ പറ്റില്ലെന്ന് സ്വീകരിക്കാൻ കാത്തിരുന്ന കോൺഗ്രസ്സുകാർക്ക് മനസ്സിലായി. അതുകൊണ്ട് കബീർ മാഷിനെ സ്വീകരിക്കാൻ നിങ്ങൾ തീരുമാനിച്ചാൽ നിങ്ങൾക്കാണ് അബദ്ധം പ്പറ്റുന്നത്. വെറുതെ അത്തരത്തിലുള്ള വഴികൾ തേടേണ്ട.

ശ്രീ. പി. സി. ജോർജ്: കബീർ മാഷ് എന്റെ വലതു വശത്തുനിന്നാണ് പോയത്. എന്റെ ഇടതുവശത്തുനിന്നും പോയി. ഞാൻ നടുക്കായി. ഇന്നലെ ബഹുമാനപ്പെട്ട കബീർമാഷിനോട് ഞാൻ ചോദിച്ചു, ബഹുമാനപ്പെട്ട കബീർ മാഷ് ഞങ്ങളെ ഇട്ടേച്ച് പോകുകയാണോ എന്ന്. കബീർ മാഷ് പറഞ്ഞത് ഞാനൊരു കോൺഗ്രസുകാരനായി. എനിക്ക് പ്രായമായി അതുകൊണ്ടാണ് ഞാൻ കോൺഗ്രസിൽ പോകുന്നത്. നാല് വർഷമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്; ഇലക്ഷൻ ആകാറായി. എന്റെ മാന്യതകൊണ്ട് ഇടതുപക്ഷത്തോടുള്ള നന്ദിയും സ്നേഹവും കൊണ്ടാണ് ഞാൻ എന്റെ സ്ഥാനം രാജിവച്ച് പോകുന്നത് എന്ന് ശ്രീ. വി. സി. കബീർ പറഞ്ഞു. എന്നിട്ട് നേരെ തിരിച്ച് വർത്തമാനം പറയുകയാണ്.

ശ്രീ. പി. കെ. കെ. ബാവ: വി. സി. കബീർ മാഷ് ജനങ്ങളോട് നീതി പുലർത്തണം, ജനാധിപത്യമൂല്യം ഉയർത്തിപ്പിടിക്കണം എന്നുള്ളതുകൊണ്ടാണ് രാജിവച്ചു പോയത്. ശ്രീ. ജോർജ് പാർട്ടി മാറി. പക്ഷേ ഇവിടെത്തന്നെ അള്ളിപ്പിടിച്ച് ഞാനും കേരളാ കോൺഗ്രസ് ആണെന്നുപറഞ്ഞ് ഇരിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: പി. സി. ജോർജും ഈ ബില്ലുമായി ഒരു ബന്ധവുമില്ല. പി. സി. ജോർജിന്റെ കാര്യത്തിൽ ശ്രീ. പി. കെ. കെ. ബാവ വിഷമിക്കേണ്ട. പി. സി. ജോർജിനെ ആരും പുറത്താക്കിയില്ല. പി. സി. ജോർജ് പാർട്ടി മാറിയില്ല. ഓർമ്മവച്ചകാലം മുതൽ കേരളാ കോൺഗ്രസ്സുകാരനാണ്. ഇപ്പോഴും കേരളാ കോൺഗ്രസ്സുകാരനാണ്.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. പി. സി. ജോർജിന്റെ കാര്യം അദ്ദേഹം നോക്കിക്കൊള്ളും. കഴിഞ്ഞ ജനുവരി മാസത്തിൽ ഒരു ഓർഡിനൻസായി കൊണ്ടുവന്ന ബില്ലാണിത്. നിലവിലുള്ളതും തെരഞ്ഞെടുക്കപ്പെട്ടതുമായ സമിതികളെ പിരിച്ചുവിടുക എന്നുള്ളത് ജനാധിപത്യത്തെത്തന്നെ വെല്ലുവിളിക്കുന്നതും നിയമസഭയെ അവഹേളിക്കുന്നതുമാണ്. അന്നുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ആ ഓർഡിനൻസ് കൊണ്ടുവരുമ്പോൾ വ്യാപകമായ പ്രതിഷേധം ഉയർന്നു വന്നതാണ്. ഗവർണ്ണർ അല്പം മടിച്ചു. പക്ഷേ പിന്നീട് ഗവർണ്ണർ അനുവാദം കൊടുത്തു. നിലവിലുള്ള സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ട് നിങ്ങളുടെ ശിങ്കിടികളെ തിരുകിക്കയറ്റി താൽക്കാലിക സിൻഡിക്കേറ്റുകൾ രൂപീകരിക്കാൻ സർക്കാരിന് അധികാരം നൽകുന്ന ബില്ലാണിത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ തെരഞ്ഞെടുക്കപ്പെട്ട സമിതിയെ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചപ്പോഴാണ് പിരിച്ചുവിട്ടത്. സാധാരണ ഗതിയിൽ തെരഞ്ഞെടുപ്പിന്റെ നടപടിക്രമം ആരംഭിച്ചാൽ നമ്മുടെ ഉന്നത നീതിപീഠംപോലും ഇടപെടില്ല. സാധാരണഗതിയിൽ അതിന് ആരും അപേക്ഷിക്കില്ല. തെരഞ്ഞെടുപ്പിന്റെ നടപടിക്രമം ആരംഭിച്ചു കഴിഞ്ഞാൽ ആ നടപടിക്രമം പൂർത്തീകരിക്കട്ടെ, എന്തായാലും നിശ്ചിത സമയത്ത് തെരഞ്ഞെടുപ്പ് കഴിയുമല്ലോ. ഒരു മൂന്നു-നാല് മാസത്തെ സമയ ദൈർഘ്യത്തിനകം തെരഞ്ഞെടുപ്പിന്റെ എല്ലാ നടപടിക്രമവും പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് വരുമായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളിൽ ചിലപ്പോൾ യു.ഡി.എഫ്.-ന്റെ ആഭിമുഖ്യമുള്ളവർ കൂടുതലുണ്ടാകാം. ഇടതുപക്ഷത്തോട് ആഭിമുഖ്യമുള്ളവർ കൂടുതലുണ്ടാകാം. പക്ഷേ, തെരഞ്ഞെടുക്കപ്പെടുന്ന ഒരു സംവിധാനം വരികയെന്നുള്ളത് ഇവിടെ ഉണ്ടാകുമായിരുന്നു. അതുപോലും ഇഷ്ടപ്പെടാതെയാണ് നിങ്ങൾ ജനുവരിയിൽ ഓർഡിനൻസ് കൊണ്ടുവന്നത്. ആ ഓർഡിനൻസ് കൊണ്ടുവരുമ്പോൾ അന്ന് പറഞ്ഞത് ആറുമാസത്തേക്ക് മാത്രമാണ് നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റ് എന്നാണ്. ശ്രീ. ഇ. ടി. ഇവിടെ നടത്തിയ ഒരു പ്രസംഗമുണ്ട്. അന്ന് ഗവൺമെന്റിനുവേണ്ടി സംസാരിച്ചവർ നടത്തിയ പ്രസംഗമുണ്ട്. ആ പ്രസംഗങ്ങളിലെല്ലാം പറയുന്നതെന്താണ്? ആറ് മാസത്തേയ്ക്ക് മാത്രമാണ് നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റ്; ആറ് മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തും, അപ്പോൾ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് വരും; ഇതിന്റെ എല്ലാ നടപടിക്രമവും പൂർത്തിയാകും എന്നൊക്കെയാണ്. നിങ്ങൾ ഈ സഭയോട് മര്യാദ കാണിച്ചോ? സഭയിൽ നിങ്ങൾ നൽകിയ ഉറപ്പ്, ആറ് മാസത്തിനകം തെരഞ്ഞെടുക്കപ്പെട്ട സംവിധാനം കൊണ്ടുവരുമെന്നാണ്. അത് ചെയ്തില്ല. അത് കഴിഞ്ഞു എന്നുള്ളതുകൊണ്ട് വീണ്ടും ആറ് മാസത്തേക്ക് നീട്ടും എന്നു പറഞ്ഞു. അപ്പോൾ നിങ്ങളുടെ ഉദ്ദേശം തെരഞ്ഞെടുക്കപ്പെട്ട ഒരു സംവിധാനം വേണമെന്നുള്ളതല്ല; നോമിനേറ്റഡ് ആയിട്ടുള്ള സംവിധാനം വേണമെന്നാണ്. നോമിനേറ്റഡ് ആയിട്ടുള്ള സംവിധാനത്തോട് നിങ്ങൾക്ക് ഇത്രമാത്രം കൂറു വരുന്നത് എന്താണ്? അതിന്റെ ഹിഡൻ അജൻഡയാണ് ശ്രീ. മത്തായി ചാക്കോയെപ്പോലുള്ളവർ അനുഭവത്തിലൂടെ ഉണ്ടായ സംഭവങ്ങളെ വിവരിച്ചുകൊണ്ട് ഇവിടെ ചൂണ്ടിക്കാണിച്ചത്. പ്രഗൽഭരായ ആളുകളെ നോമിനേറ്റ് ചെയ്തുകഴിഞ്ഞാൽ പ്രാഗൽഭ്യം തെളിയിക്കാൻ പറ്റുന്നതാണ്. അത്ര പ്രഗൽഭരാണെങ്കിൽ തെരഞ്ഞെടുപ്പിന് വന്നുകൂടേ? അത്ര വലിയ പ്രഗൽഭരാണെങ്കിൽ ഒരു യൂണിവേഴ്സിറ്റിയുടെ ബോഡിയിൽ അംഗീകാരം നേടിവന്നാൽപ്പോരേ ? എന്തിനാണ് നോമിനേറ്റ് ചെയ്യുന്നത്? ഐ.റ്റി.യുടെയും ബി.റ്റി.യുടെയും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളെ കൊണ്ടുവരണം എന്നു പറഞ്ഞ് നിങ്ങൾ നേരത്തെ ഒരു നിയമം കൊണ്ടുവന്നല്ലോ? ഐ.റ്റി.യുടെയും ബി.റ്റി. യുടെയും ആളുകളെ കൊണ്ടുവരാൻവേണ്ടി നിയമഭേദഗതിക്ക് പിന്തുണ ചെയ്യുകയല്ലേ ശ്രീ. തമ്പാനൂർ? നിങ്ങൾ കൊണ്ടുവന്നത് ആരെയാണ്? അരിക്കച്ചവടക്കാരനെയോ? ഐ.റ്റി. വിദഗ്ദ്ധനോ അരിക്കച്ചവടക്കാരൻ? നിങ്ങൾ ചെയ്യുന്നത് എന്താണെന്നുള്ളതാണ് പ്രശ്നം. നിങ്ങൾ നിയമം കൊണ്ടുവരുന്ന സമയത്ത് പറയുന്നതും ചെയ്യുന്നതും തമ്മിൽ ഒരു ബന്ധവുമില്ല.

ശ്രീ. തമ്പാനൂർ രവി: ഞങ്ങൾ എന്തു കൊണ്ടുവന്നാലും അരിക്കച്ചവടക്കാരനാണ്. നിങ്ങൾ എല്ലാത്തിനും പരമ യോഗ്യന്മാരെയാണ് കൊണ്ടുവരുന്നത്.

ശ്രീ. എം. വി. ജയരാജൻ: കേരളത്തിലെ ജനങ്ങൾക്ക് അറിയാം ശ്രീ. തമ്പാനൂർ രവി, ഞാനും അങ്ങും മാത്രമല്ലല്ലോ കേരളത്തിലെ ജനങ്ങൾ എന്നു പറയുന്നത്. ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ടല്ലോ? ഇതൊക്കെ ജനങ്ങൾ വിലയിരുത്തിക്കൊള്ളും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. തമ്പാനൂർ രവി സൂചിപ്പിച്ചപ്പോൾ..... ഇതൊക്കെ ജനങ്ങളും നോക്കുമല്ലോ? ആരെയൊക്കെയാണ് നോമിനേറ്റ് ചെയ്യേണ്ടത്; ആരാണ് നോമിനേറ്റ് ചെയ്യുന്നത് എന്നൊക്കെ അറിയുമല്ലോ? സെൽഫ് ഫിനാൻസിംഗ് കോളേജുകളും സർവ്വകലാശാലകളും വന്നതോടുകൂടി പേമെന്റ് സീറ്റും മാനേജുമെന്റ് സീറ്റും അംഗീകരിക്കപ്പെട്ടല്ലോ. നിങ്ങൾ നിർത്തുന്ന പല സ്ഥാനാർത്ഥികളും മെറിറ്റിലല്ല, പേമെന്റ് സീറ്റിലാണ് നിറുത്തുന്നത് എന്നുള്ളതിനെക്കുറിച്ച് നാട്ടിൽ വ്യാപകമായി ആക്ഷേപം ഉള്ളത് അറിയില്ലേ? സർവ്വകലാശാലയ്ക്കു മാത്രമല്ല; രാജ്യസഭ, ലോകസഭ, നിയമസഭ ഉൾപ്പെടെ പേമെന്റ് സീറ്റ് എന്ന് വ്യാപകമായി പറയുന്നുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: സർ, ശ്രീ. കെ. പി. രാജേന്ദ്രൻ മാനേജ്മെന്റ് മാറിയതറിഞ്ഞില്ല. പഴയ കഥയാണ് പറയുന്നത്. മാനേജ്മെന്റ് മാറി. ഇപ്പോൾ പേമെന്റ് സീറ്റില്ല.

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ഒരു കാര്യം വ്യക്തമാണ്. പ്രത്യേകിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പാർട്ടിക്ക് പേമെന്റ് സീറ്റ് കൊടുക്കുന്നതിലാണ് താൽപ്പര്യം. അതിപ്പോൾ കേരളത്തിലെല്ലാപേർക്കുമറിയാം. ഇനി നടക്കാൻ പോകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗ് സ്ഥാനാർത്ഥികളെ നിർത്തുമോയെന്ന് നോക്കിക്കോ? ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, ശ്രീ. പി. കെ. കെ. ബാവ എന്നിവരുണ്ടല്ലോ? ഇനി നിങ്ങൾക്കതിലൊരു തർക്കവും വേണ്ട. പേമെന്റിലേക്ക് അപേക്ഷ ക്ഷണിക്കും. മെറിറ്റ് സീറ്റിൽ അങ്ങനെയുള്ള അപേക്ഷ വരില്ല. അപ്പോൾ പേമെന്റ് സീറ്റിൽ ആളെ നോക്കിയിട്ട് മാത്രമേ നിങ്ങൾ നിശ്ചയിക്കൂ. അത് മലപ്പുറം ജില്ലയിൽ ..... മെറിറ്റ് അവർക്കില്ല. മെറിറ്റില്ലാത്തതാണല്ലോ അവർ മെറിറ്റിൽ കാണുന്നത്. മെറിറ്റ് ഇല്ലാത്തൊരു മെറിറ്റാണ് അവരുടെ മെറിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് പാർട്ടിയുടെ കാര്യം ഞങ്ങൾ നോക്കും. യൂണിവേഴ്സിറ്റിയിലെ സെനറ്റ്, സിൻഡിക്കേറ്റ്, പഞ്ചായത്തുകൾ ഇവയിലെല്ലാം ഇടതുപക്ഷത്തിന്റെ ടച്ച് ഉണ്ട്. ഇതെല്ലാം കേരളീയ സമൂഹത്തിനറിയാം. കേരളത്തിലെ സി.പി.എം-നെ സംബന്ധിച്ചിടത്തോളം കേരളീയ സമൂഹത്തിന്റെ ഏത് തലത്തിൽ നോക്കിയാലും ഇടതുപക്ഷത്തിന്റെ ടച്ച് ഇല്ലാത്ത മേഖലയില്ലാതിരിക്കാൻ കാരണം കഴിവുള്ളവർക്ക് അംഗീകാരമുണ്ട് എന്നുള്ളതാണ്. 1999 മാർച്ച് മാസം 14-ാം തീയതി കേസിലെ പ്രതിയായി വിജിലൻസ് ഡയറക്ടർ ഉൾപ്പെടുകയും അയാൾക്ക് അതിന് കുറ്റപത്രം കൊടുക്കുകയും ചെയ്തിട്ട്. ആ മഹായോഗ്യൻ നിങ്ങളുടെ ഭരണത്തിൻ കീഴിൽ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാകും. യോഗ്യത നിങ്ങളുടെ അംഗീകാരമാണ്. കാരണം സി. ആന്റ് എ.ജി.റിപ്പോർട്ടിൽ ഇത്രമാത്രം കളവ് നടത്താൻ കഴിവുള്ള ഒരാൾ എന്നുപറഞ്ഞുകൊണ്ട് 'വിലയിരുത്തിയാൽ, കഴിവിന്റെ അംഗീകാരത്തേയും മാനദണ്ഡത്തേയും യോഗ്യതയേയുംപ്പറ്റി ലീഗ് പറയുകയില്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സർ, ബഹുമാനപ്പെട്ട അഞ്ച് ഞങ്ങളുടെ സ്ഥാനാർത്ഥികളുടെ യോഗ്യതയെപ്പറ്റി പറഞ്ഞു. കഴിഞ്ഞ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ യോഗ്യതകൾ നമ്മൾ അഞ്ചോട്ടുമിഞ്ചോട്ടും താരതമ്യപഠനം നടത്തി. ക്വാളിറ്റിയുടെയും മെറിറ്റിന്റേയും കാര്യത്തിൽ ഞങ്ങളുടെ നൂറ് അയലത്തുപോലും നിങ്ങൾ എത്തുകയില്ല.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഈ നിയമസഭയിൽ ഇങ്ങനെ പറഞ്ഞതുകൊണ്ട് ഞാൻ ആ വെല്ലുവിളി സ്വീകരിക്കുന്നു. അദ്ദേഹത്തെത്തന്നെ ഏൽപ്പിക്കാം. എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ലോക്കൽ ബോഡീസിന്റെ പ്രതിനിധികളുടെ ഭരണപാടവവും ജനകീയാംഗീകാരവും പരിശോധിച്ചാൽ നിങ്ങളുടെ ഭാഗത്തുള്ളവരുടേത് വട്ടപൂജ്യമായിരിക്കും. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സർ, കഴിഞ്ഞ ജില്ലാ കൗൺസിലിന്റെയും പഞ്ചായത്തിന്റെയുമൊക്കെ ഒരു താരതമ്യപഠനം നടത്തിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ സർവ്വകലാശാല ഭരണസമിതികളിൽ തെരഞ്ഞെടുക്കപ്പെടുന്നവരെ ഒഴിവാക്കി നോമിനേറ്റഡ് സമിതികളെ ഭരണമേൽപ്പിക്കണം എന്നുപറയുന്ന നിർദ്ദേശം 1980-കളുടെ ആദ്യം യൂണിവേഴ്സിറ്റിയുടെ ചെയർപേഴ്സണായിരുന്ന മാധുരി ഷാ ആണ് ആദ്യമായി അവതരിപ്പിച്ചത്. അതിനുകാരണമായി മാധുരി ഷാ കമ്മിഷൻ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

അക്കാദമിക് രംഗത്തുള്ള പ്രഗൽഭർ സർവ്വകലാശാലാ സമിതികളിലേക്ക് ഒരു മൽസരത്തിലൂടെ കടന്നുവരാൻ വിമുഖരായിരിക്കും എന്ന കാരണമാണ്. ആയതിനാൽ അത്തരം പ്രഗൽഭമതികളെ കണ്ടെത്തി നോമിനേഷനിലൂടെ യൂണിവേഴ്സിറ്റി ഭരണസമിതികളിൽ കൊണ്ടുവരാൻ യു.ജി.സി.യും കേന്ദ്ര സംസ്ഥാന സർക്കാരും ശ്രമിക്കണമെന്നാണ് അവർ കൊടുത്ത ശുപാർശ. 1986-ലെ കേരള-കോഴിക്കോട് സർവ്വകലാശാലയുടെ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനം വിലയിരുത്താനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിയുക്തനായിട്ടുള്ള ഡോ.മാൽക്കം ആദിശേഷയ്യ കമ്മിഷനാകട്ടെ ഒരു പടി കൂടി കടന്ന് യൂണിവേഴ്സിറ്റി ഭരണത്തിൽ നിന്ന് രാഷ്ട്രീയക്കാരെ അകറ്റി നിർത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മഹാത്മഗാന്ധി സർവ്വകലാശാല രൂപീകരണവേളയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റ് എന്ന വ്യവസ്ഥ കേരളത്തിൽ ആദ്യമായി കൊണ്ടുവന്നത് ഇത് കണക്കിലെടുത്തുകൊണ്ടാണ്. എന്താണ് നമ്മുടെ അനുഭവം? നമ്മൾ ഒരു ആത്മപരിശോധന നടത്തി. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ, നിങ്ങൾ പൂർണ്ണമായും രാഷ്ട്രീയം വിട്ടിട്ട് എങ്ങനെയാണ് നിങ്ങളുടെ നയരൂപീകരണ സമിതികളിൽ ജനാധിപത്യം നടപ്പാക്കുന്നത്? രാഷ്ട്രീയം വിട്ടിട്ട് ഈ നാടിനെ ഭരിക്കാനാകുമോ? അപ്പോളിതിന് വെറും അക്കാഡമിക്ക് ഇന്ററസ്റ്റ് അല്ല; അതിനപ്പുറമുള്ള ഇന്ററസ്റ്റ് ആണുള്ളത്. ഇനി അനുഭവത്തിലൂടെ നോക്കാം. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നല്ലോ? ഏറ്റവും കൂടുതൽ ആക്ഷേപം ഉയർന്നുവന്നത് ആ കാലത്തല്ലേ? ഒരു വൈസ് ചാൻസിലറെ തല്ലിയ സംഭവം കേരളത്തിലുണ്ടായിട്ടില്ലേ? അത് വലിയ ആക്ഷേപം ഉയർത്തിയിട്ടില്ലേ? നോമിനേറ്റഡ് സിൻഡിക്കേറ്റ് എന്നുപറയുന്ന പ്രഗൽഭരായ ആളുകളെ കൊണ്ടുവരാനാണ് എന്നൊരു വ്യാഖ്യാനം വരുത്തി സ്വന്തക്കാരെ തിരുകിക്കയറ്റാൻ മാത്രമുള്ള ഒരു അവസരമായിട്ടാണ് കേരളത്തിൽ വിനിയോഗിക്കപ്പെട്ടത്. അതുതന്നെയാണ് നമ്മുടെ അനുഭവം. വിദ്യാഭ്യാസരംഗവുമായി പുലബന്ധം പോലുമില്ലാത്ത വ്യവസായ പ്രമുഖരെ, പാർശ്വവർത്തികളെ നോമിനേറ്റ് ചെയ്തുകൊണ്ടാണ് ഈ നോമിനേഷൻ സമ്പ്രദായം കേരളത്തിൽ തുക്കേം കുറിച്ചത്. അങ്ങനെ യൂണിവേഴ്സിറ്റിയിലെ നോമിനേഷൻ ഭരണം അവിടത്തെ ആദരണീയരായ അക്കാഡമിക് പണ്ഡിതന്മാർക്കുപോലും ഇഷ്ടപ്പെടാൻ കഴിയാത്ത വിധത്തിൽ മാറി. അതുകൊണ്ടാണ് ഞങ്ങൾ ഇങ്ങനെ കാലാവധി നീട്ടിക്കൊണ്ടുപോകുന്നതിനെ എതിർക്കുന്നത്. നിങ്ങൾക്ക് ഉറപ്പിച്ചു പറയാനാകുമോ ഇനി 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്ന്? ഇപ്പോൾ കാലാവധി മൊത്തം ഒരു വർഷത്തേക്ക് നീട്ടിക്കൊടുക്കുകയാണല്ലോ? കേരളത്തിൽ ഏത് വ്യവസ്ഥാപിതമായ സംവിധാനത്തിലാണ് 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്തത്? റെക്കോർഡ് വേഗതയിൽ, പി.ടി. ഉഷ ഓടുന്ന വേഗതയേക്കാൾ കൂടുതൽ വേഗത്തിൽ നിങ്ങളോടി. അതിവേഗം ബഹുദൂരം എന്നു പറഞ്ഞിട്ട് നിങ്ങളിപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുമെന്ന് ഇന്നലേയും പ്രഖ്യാപിച്ചല്ലോ? അപ്പോൾ ഒരു മാസത്തിനകം തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്നാണോ? നിങ്ങൾക്ക് ആത്മാർത്ഥത ഉണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly.

6 മാസത്തിനകം കഴിഞ്ഞോന്നേ? ഈ ജൂൺ 18-ന് ഇതിന്റെ പിരീഡ് എക്സ്റ്റെന്റ് ചെയ്തുകൊണ്ട് വീണ്ടുമൊരു ഓർഡിനൻസ് വേണ്ടിയിരുന്നില്ല. ഇവിടെ സർവ്വകലാശാലയുടെ ഭരണതലപ്പത്ത് തെരഞ്ഞെടുക്കപ്പെടുന്ന സംവിധാനം വേണമെന്ന ആഗ്രഹവും രാഷ്ട്രീയ ഇച്ഛാശക്തിയും നിങ്ങൾക്കില്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. കാലിക്കറ്റ്, കേരള സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ് സുപ്രധാനമായ ഒരു തീരുമാനമെടുത്തു. ആ തീരുമാനം നിങ്ങളുടെ ഗവൺമെന്റിന്റെ നയം നടപ്പാക്കുക എന്നതായിരുന്നു. അൺഎയിഡഡ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. കൊടുക്കണമെന്ന പ്രശ്നം ഉയർന്നുവന്നു. അങ്ങനെ വന്നപ്പോൾ ഈ രണ്ടു സിൻഡിക്കേറ്റുകളും കൂടി ഒരു കാര്യം ചെയ്തു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവാദം കൊടുക്കേണ്ട വിഷയം വന്നപ്പോൾ 50% മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് എന്ന വ്യവസ്ഥയോടെ പ്രവേശനം നടത്തണമെന്നവർ പറഞ്ഞു. ആ വിരോധമല്ലേ നിങ്ങൾ ഈ സിൻഡിക്കേറ്റ് പിരിച്ചു വിടാനെടുത്തത്? കേരള യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് പിരിച്ചുവിടാൻ അതല്ലേ കാരണം? മറ്റെന്തെങ്കിലും കാരണമുണ്ടോ? അക്കാഡമിക്ക് ഇന്ററസ്റ്റ് ആണെങ്കിൽ ഗവൺമെന്റ് നയം നടപ്പാക്കുകയല്ലേ വേണ്ടത്? മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ്; 50% മെറിറ്റ് സീറ്റ്; ആ നയം നടപ്പാക്കിയതല്ലേ കേരള യൂണിവേഴ്സിറ്റിയുടെ ഇലക്റ്റഡ് സിൻഡിക്കേറ്റ്? ഇലക്ടഡ് സിൻഡിക്കേറ്റ് നല്ല കാര്യം ചെയ്താൽ ഗവൺമെന്റിന് ഇഷ്ടപ്പെടുന്നില്ല. അതാണ് പിരിച്ചുവിടാൻ കാരണം. കണ്ണൂർ സർവ്വകലാശാലയിൽ ഇപ്പോൾ നോമിനേറ്റഡ് സിൻഡിക്കേറ്റാണല്ലോ. അവർ എന്താണവിടെ ചെയ്യുന്നത്? നിയമനത്തിൽ അഴിമതി. അത് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് പരിശോധിക്കണം. അവിടെ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്ന ബി.എഡ്.സെന്ററിൽ ശ്രീ. മനോമോഹനെ അസിസ്റ്റന്റ് ഡയറക്ടറായി എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ് നിശ്ചയിച്ചത്. ഓരോ വർഷവും കരാർ പുതുക്കിക്കൊടുക്കുകയാണ്. ഇത്തവണ കരാർ പുതുക്കേണ്ട സമയം വന്നു. അപേക്ഷകൾ ക്ഷണിച്ചു. യോഗ്യരായ മറ്റ് അപേക്ഷകൾ ഉണ്ടായിരുന്നു. അവരുടെ യോഗ്യതകൾ പരിഗണിച്ചില്ല. ശ്രീ. മനോമോഹന് കൊടുത്തു. ഇപ്പോൾ അദ്ദേഹത്തിന് 63 വയസ്സാണ്. എന്താണ് നിയമം? റിട്ടയർ ചെയ്തവരെയാണ് ഇതുപോലുള്ള തസ്തികകളിൽ നിയമിക്കുന്നത്. സർവ്വകലാശാലാ ചട്ടമനുസരിച്ച് 62 വയസ്സ് വരെ മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. ശ്രീ. മനോമോഹന് 63 വയസ്സായി. നോമിനേറ്റഡ് സിൻഡിക്കേറ്റ് ചട്ടമനുസരിച്ചാണോ നിയമനം നടത്തുന്നത്? അവിടെ എലിജിബിളായ ആളുകൾ വേറെയുണ്ടായിരുന്നു. 30 വർഷത്തെ അധ്യാപന പരിചയമുള്ള, ഡോക്ടറേറ്റുള്ള ഡോ. ബാലനാമിനെ പോലെയുള്ള കഴിവുള്ള അപേക്ഷകനെ മറികടന്നുകൊണ്ടാണ് നിയമനം നടത്തിയത്. നിങ്ങൾ പ്രഗൽഭരെ കൊണ്ടുവന്ന് സിൻഡിക്കേറ്റ് ഭരണം കൈക്കലാക്കുന്നത് യൂണിവേഴ്സിറ്റിയുടെ ഡെവലപ്പ്മെന്റിന് സഹായകരമാണോ? അല്ല.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, അവിടെ ബി.എഡ്. സെന്റർ ഇല്ല. ടി. ടി. ഐ. ഇല്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെടുന്നതുകൊണ്ട് ഞാൻ പറയുകയാണ്. ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ പി.ടി.എ. ഫണ്ട് പിരിക്കുന്നുണ്ട്. ജനങ്ങൾക്ക് താങ്ങാവുന്ന വിധത്തിൽ ഒരു ചെറിയ ഫണ്ട് പിരിക്കുകയാണെങ്കിൽ കുഴപ്പമില്ല. സ്ഥാപനത്തിന്റെ ഡെവലപ്മെന്റിനുവേണ്ടി ആ തുക വിനിയോഗിക്കുന്നതിൽ ആർക്കും തർക്കമില്ല. പക്ഷേ അവർക്ക് താങ്ങാൻ കഴിയുന്നതു വേണ്ടേ? പേമെന്റ് സീറ്റിൽ മെഡിക്കൽ പ്രവേശനത്തിന് ഇരുപത്തിയഞ്ച് ലക്ഷവും മുപ്പത് ലക്ഷവുമൊക്കെ വാങ്ങുന്നുണ്ട്. എന്നാൽ ചില പി.ടി.എ. കൾ ആയിരക്കണക്കിന് രൂപ സാധാരണ രക്ഷിതാക്കളിൽനിന്ന് വാങ്ങുന്നുണ്ട്. കണ്ണൂരിലെ ഒരു ബി.എഡ്. സെന്റർ 1700 രൂപയാണ് പി.ടി.എ. ഫണ്ട് വാങ്ങിയത്. അതിന് റെസീപ്റ്റ് ഇല്ല. പി. ടി. എ. ഫണ്ട് എന്ന് പറഞ്ഞ് പിരിച്ച ഈ വർഷത്തെ തുക ഏതാണ്ട് 15 ലക്ഷം രൂപ വരും. ഇത് എന്തിനുവേണ്ടി വിനിയോഗിക്കുന്നു? ഒരു നയാപൈസാ ബി. എഡ്. സെന്ററിന്റെ വികസനത്തിന് ഉപയോഗിക്കുന്നില്ല. അവിടെ അഴിമതി നടത്തുന്നവർ തലപ്പത്തിരിക്കുന്നവരാണ്. നിയമനത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് നടക്കുന്നത്. കാഞ്ഞങ്ങാട് യൂണിവേഴ്സിറ്റി സെന്ററിൽ മലയാളം അധ്യാപകരുടെ രണ്ട് വേക്കൻസിയുണ്ട്. സാധാരണ നടപടിക്രമം അനുസരിച്ച് ഒരു ഒഴുവിൽ ഓപ്പൺ മെറിറ്റിലും, രണ്ടാമത്തേതിൽ റിസർവേഷൻ വ്യവസ്ഥയിലും നിയമിക്കുകയാണ് ചെയ്യേണ്ടത്. ഇവിടെ രണ്ടും റിസർവേഷൻ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽ നിന്ന് ആളെ എടുക്കുകയല്ല ചെയ്തത്. ചട്ടവിരുദ്ധമായി അപേക്ഷ ക്ഷണിച്ചു. സ്ക്രൂട്ടിനി കമ്മിറ്റിയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റിലെ പ്രഗത്ഭൻമാരുണ്ടായിരുന്നു കണ്ണൂർ യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റംഗം ശ്രീ. വിരമണികണ്ഠൻ, എന്നയാളിന്റെ ഭാര്യയുടെ അനുജത്തി ആ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. സാധാരണ ഗതിയിൽ സ്ക്രൂട്ടിനി കമ്മിറ്റിയിൽനിന്നും ഇന്റർവ്യൂവിൽനിന്നും അദ്ദേഹം മാറിനിൽക്കേണ്ടതായിരുന്നു. അതുപോലും ചെയ്തില്ല. ഇപ്പോൾ അനുജത്തിക്ക് നിയമനം കിട്ടുമെന്നതാണ് സ്ഥിതി. ഇവിടെ അക്കാഡമിക് കൗൺസിലിന് നാല് വർഷമാണ് കാലാവധി.

മി. സ്പീക്കർ: Please co-operate. നമുക്ക് രണ്ട് മണിക്ക് ലൈവ് പ്രോഗ്രാം ഉണ്ട്. ഈ ബില്ലെങ്കിലും തീർക്കണം.

ശ്രീ. എം. വി. ജയരാജൻ: അതിന്റെ കാലാവധി 2005 ജനുവരിയിൽ തീർന്നതാണ്. സാധാരണഗതിയിൽ ചെയ്യേണ്ടത് അക്കാഡമിക് കൗൺസിൽ പുതിയ അംഗങ്ങളുടെ പേരു തയ്യാറാക്കി സർക്കാരിന്റെ അനുമതി ചോദിച്ചുവാങ്ങി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണം; അങ്ങനെ ചെയ്തില്ല. നിയമവിരുദ്ധമാണത്. 22/8-ന് അക്കാഡമിക് കൗൺസിൽ യോഗം ചേരാൻ പോവുകയാണ്. നോമിനേറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly.

സിൻഡിക്കേറ്റുകൾ ചെയ്യുന്നത് ഇതൊക്കെയാണ്. മാത്രമല്ല നടപടിക്രമം ഒന്നും പാലിക്കാതെ രണ്ട് കാർ വാങ്ങാൻ തീരുമാനമെടുത്തു. കാർ വാങ്ങുന്നതിന് സാധാരണഗതിയിലുള്ള നടപടിക്രമങ്ങളുണ്ട്. ടെൻഡർ ക്ഷണിച്ച് കമ്മീഷൻ വിളിക്കേണ്ടതാണ്. അതൊന്നും ചെയ്തില്ല. സാധാരണ വാഹനം വാങ്ങാൻ പ്രൊപ്പോസൽ വന്നാൽ അസിസ്റ്റന്റ് രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാറും ഫയൽ കാണും അവർ ഫയൽ കണ്ടില്ല. പോപ്പുലർ ഓട്ടോമൊബൈൽസിൽനിന്ന് നേരിട്ട് വാങ്ങുകയാണ് പ്രഗത്ഭമതികൾ ഉൾക്കൊള്ളുന്ന സിൻഡിക്കേറ്റ് ചെയ്തത്. കമ്മീഷൻ മാത്രമാണ് ലക്ഷ്യം. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകളും അതുപോലുള്ള സമിതികളും ഒഴിവാക്കി നോമിനേറ്റഡ് ആയിട്ടുള്ള പ്രഗത്ഭരെ കൊണ്ടുവരുന്നതുവഴി യൂണിവേഴ്സിറ്റി ഭരണം അവതാളത്തിലാകുന്നു. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു. ഈ ബിൽ കേരളത്തിലെ യൂണിവേഴ്സിറ്റി ഭരണത്തിന്റെ ജനാധിപത്യഘടനയെ തകർക്കുന്നതായതുകൊണ്ട് ഞാൻ എതിർക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഈ ബിൽ ജനാധിപത്യത്തെ തകർക്കുന്നതാണെന്നുള്ളത് തെറ്റിദ്ധാരണയാണ്. ഇത് അടുത്ത ആറ് മാസത്തേക്കുകൂടി നീട്ടാനുള്ളതല്ല. Period for six months എന്നുള്ള വാചകം period for twelve months എന്ന് ആക്കുന്നു. അപ്പോൾ എന്തു സംഭവിക്കുന്നു എന്ന് ചോദിച്ചാൽ ഒറിജിനൽ ആക്ടിലെ 7- (2) ൽ പറഞ്ഞ for a period of six months or till the re-constitution of the Senate and Syndicate in accordance with the provisions of the Kerala University Act and Calicut University Act എന്നതിനുപകരം for a period of six months എന്ന് പറയും. അതിനുശേഷമുള്ള clause അങ്ങനെതന്നെ തുടരും. Whichever is earlier അതിൽ പ്രശ്നമില്ല. അടുത്ത മാസം ഇലക്ഷൻ; അത് കഴിഞ്ഞാൽ അപ്പോൾത്തന്നെ വരും, അതായത് unconditional ആയിട്ട് 6 മാസം കൂടി നീട്ടുന്നതല്ല. അതുകൊണ്ട് ആ word മാത്രമേ മാറ്റുന്നുള്ളൂ. 99 ശതമാനം തെരഞ്ഞെടുപ്പും കഴിഞ്ഞു. ഒരൊറ്റ constituency മാത്രമേ ബാക്കിയുള്ളൂ. ഒന്നര മാസത്തിനുള്ളിൽ അതും ചെയ്യാൻ പറ്റും. ബാക്കി എല്ലാ ഇലക്ഷനും കഴിഞ്ഞു. അതുകൊണ്ട് ഏതാണോ ആദ്യം, re-constitute ചെയ്യുന്നതാണോ അതോ തെരഞ്ഞെടുക്കപ്പെടുന്നതാണോ? ഏറിവന്നാൽ life ആറ് മാസമാണ്. Election process കഴിയാറായതാണ്. കാലിക്കട്ടും കേരളയും ഏറെക്കുറെ കഴിഞ്ഞു. ഇവിടെ ജനാധിപത്യപരമായ സംഗതിയെ ഒഴിവാക്കി നോമിനേഷനുപോകാൻ ഉദ്ദേശമില്ല. ഉണ്ടായിരുന്നെങ്കിൽ ഒരു നിയമം കൊണ്ടുവരുന്ന സമയത്ത് അങ്ങനെ കൊണ്ടുവരാമായിരുന്നു. ഞങ്ങൾ നിലവിലുള്ള election component വച്ചുകൊണ്ടാണ് ഇലക്ഷൻ നടത്തുന്നതിനുള്ള തീരുമാനം എടുത്തത്. പിന്നെ നിയമനത്തെക്കുറിച്ച് ശ്രീ.മത്തായി ചാക്കോ പറഞ്ഞ കാര്യം അദ്ദേഹം എത്രയോ കാലം സിൻഡിക്കേറ്റിൽ effective ആയി പ്രവർത്തിച്ചയാളാണ്. ഇങ്ങനെ ചെയ്ത ആൾ പറയുന്നതുകേട്ടാൽ തോന്നും ഇതിലെല്ലാം ഇടപെട്ട് തീരുമാനമെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിക്ക് അവകാശമുണ്ടെന്ന്. നിങ്ങൾക്കറിയാവുന്ന കാര്യമാണ്. നിങ്ങൾ പറയുന്നതുപോലെ പ്രവർത്തിക്കാനുള്ള അംഗീകാരം കിട്ടുകയാണെങ്കിൽ പ്രശ്നം തീർന്നു. ഞാൻ വളരെക്കാലമായി ആഗ്രഹിക്കുന്ന കാര്യമാണ്.

ശ്രീ. മത്തായി ചാക്കോ: ഞാൻ ഇവിടെ ഉന്നയിച്ച ആക്ഷേപത്തെ സംബന്ധിച്ചുള്ള ഒരു രേഖ എന്റെ കൈയിൽ ഉണ്ട്, അത് സംവരണം തെറ്റിച്ചുകൊണ്ട്, നോട്ടിഫിക്കേഷൻ വ്യവസ്ഥ തെറ്റിച്ചുകൊണ്ടുള്ള നിയമനത്തെക്കുറിച്ചുള്ളതാണ്. ഇതിൽ ഇടപെടാൻ മന്ത്രിക്ക് പ്രോ-വൈസ് ചാൻസലറെന്ന നിലയിൽ അധികാരമുണ്ട്. Higher Education Secretary, General Education Secretary, IT Secretary എന്നിങ്ങനെ മൂന്നു ഗവൺമെന്റ് സെക്രട്ടറിമാർ ഉണ്ട്.

ശ്രീ. പി. ടി. തോമസ്: മന്ത്രിക്ക് ഇടപെടാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ പറഞ്ഞതെല്ലാം നല്ല കാര്യങ്ങളാണ്. മേലിൽ സജീവമായി ഇടപെടാം. എന്റെ ഒരാഗ്രഹമാണത്. അവിടത്തെ ഒഴിവിന്റെ കാര്യം, എൻജിയർമാരുടെ ഒഴിവിന്റെ കാര്യമാണ്. ഒരു ഒഴിവാണുണ്ടായിരുന്നത്. നോട്ടിഫൈ ചെയ്തതിനുശേഷം development ഉണ്ടായി. രണ്ട് ആളുകൾ ലീവെടുത്തു, ഒരാൾ പ്രൊമോഷൻ കിട്ടിപ്പോയി, അങ്ങനെ നാല് വേക്കൻസി. അതിൽ ജനറൽ മെറിറ്റ് -2, ഈഴവ-1, എസ്.സി.-1, ഇങ്ങനെയാണ്. കൂടുതൽ വിവരങ്ങൾ അന്വേഷിക്കാം. അങ്ങയുടെ കൈയിൽ അഡീഷണലായി വിവരങ്ങൾ ഉണ്ടെങ്കിൽ എന്ത് ചെയ്യാൻ പറ്റും? ലീഗിന്റെ ഓഫിസിൽ നിന്ന് ആറ് പേരുടെ പട്ടിക തയ്യാറാക്കി എന്നൊക്കെ ഇവിടെ പറഞ്ഞു. പേരും പറഞ്ഞു. ഞാൻ ലീഗിന്റെ ഒരു എളിയ സംസ്ഥാന സെക്രട്ടറിയാണ്. എനിക്ക് അറിയാവുന്നതിനേക്കാളും വിവരങ്ങൾ ശ്രീ. മത്തായി ചാക്കോയ്ക്ക് അറിയാമെങ്കിൽ ഞങ്ങളുടെ പാർട്ടി ഒരു തുറന്നപുസ്തകമാണെന്ന് മനസ്സിലായല്ലോ, നിയമനകാര്യങ്ങളിലൊന്നും പാർട്ടി കൈകടത്താറില്ല. തെരഞ്ഞെടുപ്പിനെപ്പറ്റി ഇവിടെ പറഞ്ഞു, ഞങ്ങൾക്ക് തെരഞ്ഞെടുപ്പ് അലർജിയില്ല. ഒരു കാര്യം ശ്രീ. ജയരാജനൊക്കെ ആലോചിക്കുന്നത് നന്നായിരിക്കും. . Election Component, Selection, Nomination ഇവ സംബന്ധിച്ച് ഒരു ഡിബേറ്റ് ആവശ്യമാണ്. ഇവിടെ നോമിനേറ്റഡ് സിൻഡിക്കേറ്റുകളാണു നല്ലതെങ്കിൽ എം. ജി. യൂണിവേഴ്സിറ്റി എന്നേ നന്നാകുമായിരുന്നു. ഇലക്ഷൻ കൊണ്ട് നന്നാകുമായിരുന്നെങ്കിൽ കേരളയും കാലിക്കട്ടും നന്നാകുമായിരുന്നു. വസ്തുതാപരമായ കാര്യമെന്നുപറയുന്നത് ഇലക്ഷന്റെ പ്രശ്നമല്ല; സെലക്ഷന്റെ പ്രശ്നമല്ല, സിസ്റ്റത്തിന്റെ പ്രശ്നമാണ്. അതിൽ ചില അപാകതകളുണ്ട്. അതിലൊരു പ്രധാന കാരണമാണ് ആട്ടോണമിയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം. ആട്ടോണമി എന്നുപറയുന്നത് ശരിക്കും എന്റെ അഭിപ്രായത്തിൽ, എന്റെ അഭിപ്രായം മാത്രമല്ല വിദ്യാഭ്യാസ വിദഗ്ദ്ധൻമാരൊക്കെ പറഞ്ഞതാണ്; രണ്ട് കണ്ണുപോലെയാണ്. ഒന്ന് autonomy മറ്റൊന്ന് accountability. Autonomy-യും accountability-യും തുല്യമായ പ്രകാശമുള്ള രണ്ട് കണ്ണുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന് പൊട്ടിയാൽ ഒരു കണ്ണ് പൊട്ടൻ തന്നെയാണ്. പക്ഷേ, ഇവിടെ autonomy-യെക്കുറിച്ചുമാത്രമേ പറയുന്നുള്ളൂ, accountability-യെപ്പറ്റി പറയുന്നേയില്ല. നമ്മളെല്ലാം രാഷ്ട്രീയക്കാർ ഇവിടെ ചർച്ച ചെയ്തിട്ട് അവസാനം ഒരു മറയുണ്ടാക്കിക്കൊടുത്തിരിക്കുന്നു. ആട്ടോണമി എന്ന മറ. അതിന്റെ അപ്പുറത്ത് നടക്കുന്ന കാര്യങ്ങളൊന്നും ഇപ്പുറത്ത് ചോദ്യം ചെയ്തുകൂടാ എന്നുള്ള ഒരു സ്ഥിതിയിലേക്ക് യൂണിവേഴ്സിറ്റികൾ പോകുന്നു. അതിൽ അക്കാഡമിക് ആട്ടോണമിയെ നിലനിർത്തിക്കൊണ്ട് അതിന്റെ accountability ഉറപ്പു വരുത്തുന്നതിനെക്കുറിച്ചുള്ള ഡിബേറ്റ് വളരെ ഉയർന്ന തലത്തിലാണെന്നു മാത്രമാണ് ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ശ്രീ. പി. സി. ജോർജ് ദീപിക പത്രത്തിലെ വാർത്തകൾ ഉദ്ധരിച്ചുകൊണ്ട് ഇവിടെ പറഞ്ഞു; ശരിയാണ്. ഞങ്ങൾ ശക്തിയായി വിദ്യാഭ്യാസ മേഖലയിൽ ഒരു അഴിമതിയുമുണ്ടാകരുതെന്ന് ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ്. അതാണ് ഡോ. നീലലോഹിതദാസൻ നാടാർ ഇവിടെ സ്വാഗതം ചെയ്തത്. വിജിലൻസ്വിംഗ് തന്നെ ഓരോ വിധത്തിലുമുണ്ടാക്കി അഴിമതിയുണ്ടാക്കാതിരിക്കണം. പക്ഷേ, ശ്രീ. പി. സി. ജോർജ് അതിന്റെ അവസാനഭാഗം വായിച്ചില്ല, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇങ്ങനെയൊരു വിജിലൻസ്വിംഗ് ഉണ്ടാക്കുന്നതിന് അനുകൂലമാണെന്നുകൂടി ആ വാർത്തയുടെ അടിയിലുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് അറിഞ്ഞാണെങ്കിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു എന്ന് പറഞ്ഞു. അങ്ങ് തെറ്റിദ്ധരിക്കണ്ട.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഈ പറഞ്ഞതുപോലെ വളരെ പെട്ടെന്നുതന്നെ elected bodies ഈ രണ്ട് യൂണിവേഴ്സിറ്റികളിലും നിലനിർത്താനാവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നതാണെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുന്നു.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ, അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri M.V. Jayarajan: Sir, I move the following amendment.

(99): In Section 7(1) of the Principal Act proposed to be amended by clause 2, for the words "for a period of twelve months" substitute "for a period of three months". 12 മാസമെന്നുള്ളത് മൂന്ന് മാസമായി ഭേദഗതി ചെയ്യണമെന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കുകൂടി സഹായകരമായിട്ടുള്ള കാര്യമാണ്. ഇപ്പോൾത്തന്നെ ഇതിന്റെ നടപടിക്രമങ്ങളായി എന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ പിന്നെ നമ്മളെന്തിനാണ് 12 മാസംവരെ കാത്തിരിക്കുന്നത്? അതുകൊണ്ട് മൂന്ന് മാസമെന്നുള്ള രീതിയിൽ ഭേദഗതി ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം. മൂന്ന് മാസമെന്ന് പറയുമ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നമുക്ക് ചെയ്യാൻ കഴിയും.

Shri K. P. Rajendran: Sir, I move the following amendment.

(100): In Section 7(1) of the Principal Act proposed to be amended by clause 2, for the words "for a period of twelve months" substitute "for a period of months".

Shri K. P. Mohanan: Sir, I move the following amendment.

(101): In Section 7(1) of the Principal Act proposed to be amended by clause 2, for the words "for a period of twelve months" substitute "for a period of four months".

Shri K. Radhakrishnan: Sir, I move the following amendment.

(104): In Section 7(1) of the Principal Act proposed to be amended by clause 2, substitute the word "twelve" by the word "Nine".

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഭേദഗതികൾ സഹകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, എന്റെ 100-ാം നമ്പർ ഭേദഗതിക്കും, ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 99, ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 104 എന്നീ നമ്പർ ഭേദഗതികൾക്കും ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—23

1. ശ്രീ. വി. കെ. ചന്ദ്രൻ
2. „ വി. ചെന്താമരാക്ഷൻ
3. „ ടി. കെ. ദേവകുമാർ
4. „ പി. സി. ജോർജ്
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. കെ. കെ. ജയചന്ദ്രൻ
7. „ എം. വി. ജയരാജൻ
8. „ ജോണി നെല്ലൂർ
9. „ പി. ജയരാജൻ
10. „ കെ. വി. കുഞ്ഞിരാമൻ
11. „ മത്തായി ചാക്കോ
12. „ കെ. പി. മോഹനൻ
13. „ എ. സി. മൊയ്തീൻ
14. „ സി. കെ. നാണു
15. „ എം. പ്രകാശൻ മാസ്റ്റർ
16. „ കെ. രാധാകൃഷ്ണൻ
17. „ എൻ. രാജൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. കെ. പി. രാജേന്ദ്രൻ
19. „ രാജു എബ്രഹാം
20. „ ടി. പി. രാമകൃഷ്ണൻ
21. „ സാജു പോൾ
22. „ കെ. പി. സതീശ് ചന്ദ്രൻ
23. „ എ. സി. ഷൺമുഖദാസ്

പ്രതികൂലിക്കുന്നവർ—28

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. „ ബാബു ദിവാകരൻ
3. „ കെ. എ. ചന്ദ്രൻ
4. „ ഡൊമിനിക് പ്രസന്റേഷൻ
5. „ ജോർജ് ജെ. മാത്യു
6. „ കെ. സി. ജോസഫ്
7. „ പി. ജെ. ജോയി
8. „ ഉമ്മൻ ചാണ്ടി
9. „ വി. ജെ. പൗലോസ്
10 „ അടൂർ പ്രകാശ്
11. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. „ കെ. എൻ. എ. ഖാദർ
13. „ ലൂഡി ലൂയിസ്
14. „ സി. മമ്മൂട്ടി
15. „ ഇ. ടി. മുഹമ്മദ് ബഷീർ
16. „ എ. കെ. മണി
17. „ എം. കെ. മുനീർ
18. „ എം. മുരളി
19. „ കെ. കെ. ഷാജു
20. „ സ്റ്റീഫൻ ജോർജ്
21. „ എ. സുജനപാൽ
22. „ സി. എഫ്. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. തമ്പാനൂർ രവി

24. „ ടി. പി. എം. സാഹിർ

25. „ വി. ഡി. സതീശൻ

26. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

27. ശ്രീ. പി. ടി. തോമസ്

28. „ ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ — 23

പ്രതികൂലിക്കുന്നവർ — 28

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഒന്നുകിൽ സഭ ലഞ്ചിന് പിരിയണം. എല്ലാവരും ഊണ് കഴിച്ചുകൊണ്ടിരിക്കുകയാണ്. ആ സമയത്ത് പോൾ ചോദിക്കുന്നത് മര്യാദയാണോ? അത് ശരിയാണോ?....(ബഹളം).....

3-ാം വകുപ്പ്

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri M.V. Jayarajan: Sir, I move the following amendments.

(81) In the preamble after the figure "2005", the word "only" shall be inserted.

(84) In clause 1(2) for the words-"on the 18th day of June, 2005" substitute the words "on the date passing the Bill by the Kerala Legislative Assembly".

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഭേദഗതികൾ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ)*: സർ, 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2005-ലെ യൂണിവേഴ്സിറ്റി ലാസ് (അമെന്റ്മെന്റ്) അമെന്റിംഗ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: വൈകുന്നേരം മാജിക് ഷോ വച്ചിരിക്കുന്നതുകൊണ്ട് മറ്റൊരു ബില്ലിലേക്ക് ഇപ്പോൾ കടക്കുന്നില്ല. അതേസമയം ബി.എ.സി.യുടെ തീരുമാനമനുസരിച്ചുതന്നെ Payment of Pension to Members of Legislature എന്ന ബിൽ എല്ലാവരും എഗ്രി ചെയ്തതാണ്. അതിൽ ശ്രീ. കടമ്മനിട്ട രാമകൃഷ്ണന് ഒരു സാങ്കേതികത്വത്തിന്റെ പേരിൽ പെൻഷൻ കൊടുക്കുന്നില്ല. അദ്ദേഹം കേന്ദ്രഗവൺമെന്റ് എംപ്ലോയിയാണ്. പിന്നെ ഒരു മെമ്പറും സ്പൗസും മരിച്ചുപോയാൽ, unmarried daughter-ക്ക് ഈ ആനുകൂല്യം കിട്ടണമെന്നുള്ളതും പെൻഷൻ 12,500 രൂപ എന്നുള്ളത് 17,500 രൂപയാക്കണമെന്നുള്ളതുമാണ് ബില്ലിലെ വ്യവസ്ഥകൾ. അത് എല്ലാവരും എഗ്രി ചെയ്തതാണ്. ഗവർണർ കോട്ടയത്തായതുകൊണ്ടും ഇന്നലെ ഒപ്പിട്ടുകിട്ടാൻ വിഷമമായതുകൊണ്ടും ഇന്നലെ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിന് പ്രത്യേകസമയം അനുവദിക്കുകയാണ്.

(2) 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, 2005-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആദ്യന്തരകാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly